കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എ.പി.ജെ അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം

എ.പി.ജെ അബ്ദുൾകലാംഎ.പി.ജെ അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം
സാങ്കേതികശാസ്ത്ര സർവ്വകലാശാല
ഓഡിറ്റ് റിപ്പോർട്ട് 2019-20

നമ്പർ കെ.എസ്.എ/കെ.റ്റി.യു 3/167/2022 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എപിജെ അബ്ദുൾ കലാം സാങ്കേതികശാസ്ത്ര
സർവ്വകലാശാല ഓഡിറ്റ് കാര്യാലയം
email : techuty.ksad@kerala.gov.in
തീയതി : 06.01 .2023

ജോയിന്റ് ഡയറക്ടർ
എ.പി.ജെ അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ഓഡിറ്റ്

രജിസ്ട്രാർ
എ.പി.ജെ അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല
തിരുവനന്തപുരം
സർ,

വിഷയം: എ.പി.ജെ അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല -2019-20 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അയയ്ക്കുന്നത്- സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 13-ാംവകുപ്പ് പ്രകാരവും 2015-ലെ എ.പി.ജെ അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ട് 53-ാം വകുപ്പ് പ്രകാരവും 23.04.2016-ലെ സ.ഉ.(സാധാ) 3780/16/ധന ഉത്തരവ് പ്രകാരവും പുറപ്പെടുവിക്കുന്ന എ.പി.ജെ അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലയുടെ 2019-20 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അനന്തര നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. എ.പി.ജെ അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലയുടെ 2019-20 സാമ്പത്തിക വർഷത്തെ വിവിധ ഇനങ്ങളിലുള്ള ഫീസുകളുടെ വരവ്, ഒടുക്ക്, ചെലവ് രേഖകൾ, കാഷ് ബുക്ക്, പി.ഡി രജിസ്റ്റർ, ബാങ്ക് സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധനയ്ക്ക് വിധേയമാക്കി. സർവ്വകലാശാല അധികൃതരുടെ സവിശേഷ ശ്രദ്ധ ആവശ്യമുള്ള പരാമർശങ്ങൾ മാത്രമാണ് അനുബന്ധ ഖണ്ഡികകളിൽ ചേർത്തിട്ടുള്ളത്. ഓഡിറ്റ് നിർദ്ദേശങ്ങൾ/ പരാമർശങ്ങൾക്കുള്ള തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച വിവരങ്ങൾ aims.ksad.kerala.gov.in/esubmission എന്ന വെബ് പോർട്ടൽ സന്ദർശിച്ച് സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ള user name- password ഉപയോഗിച്ച് ലോഗ് ഇൻ ചെയ്ത് കൈക്കൊണ്ട നടപടികൾ അറിയിക്കേണ്ടതുമാണ്.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ അപാകങ്ങൾ/ക്രമക്കേടുകൾ പരിഹരിച്ച് ആയതു സംബന്ധിച്ച മറുപടി ഈ റിപ്പോർട്ടു കൈപ്പറ്റി രണ്ടു മാസത്തിനകം ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. (1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ 23(1)-ാം നമ്പർ ചട്ടം കാണുക.)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ് (ഉപരിപത്രം സഹിതം)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)
കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.റ്റി.യു3/167/2022 തീയതി: 06.01.2023

## എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ 2019-20 സാമ്പത്തിക വർഷത്തെ വരവ് ചലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 13-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ ചട്ടം 18, 2015-ലെ എപിജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല നിയമത്തിലെ 53-ാം വകുപ്പ് എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ

| | |
|---|---|
| ശ്രീ. ഹബീബ് മുഹമ്മദ് | ജോയിന്റ് ഡയറക്ടർ |

ഓഡിറ്റ് നിർവ്വഹിച്ച ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി. സോണിയ ജെ. സെബാസ്റ്റ്യൻ, ഓഡിറ്റ് ഓഫീസർ | 25.02.2022 മുതൽ 12.07.2022 വരെ |
| ശ്രീമതി. മേരി ആൻഡ്രൂസ്, ഓഡിറ്റ് ഓഫീസർ | 13.07.2022 മുതൽ 30.09.2022 വരെ |
| ശ്രീമതി. ബിന്ദു ഒ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ | 25.02.2022 മുതൽ 30.09.2022 വരെ |
| ശ്രീമതി. സ്വപ്ന ആർ.കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ | 25.02.2022 മുതൽ 05.08.2022 വരെ |
| ശ്രീ. പ്രകാശ് കൃഷ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ | 08.08.2022 മുതൽ 30.09.2022 വരെ |
| ശ്രീ. അനീഷ് ആൻ സെബാസ്റ്റ്യൻ, ഓഡിറ്റർ | 25.02.2022 മുതൽ 02.07.2022 വരെ |

| | |
|---|---|
| ഓഡിറ്റ് നിർവ്വഹിച്ച കാലയളവ് | 25.02.2022 മുതൽ 30.09.2022 വരെ |

ഓഫീസ് നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| വൈസ് ചാൻസിലർ | ഡോ. രാജശ്രീ എം.എസ്. | 01.04.2019 മുതൽ 31.03.2020 വരെ |
| പ്രോ-വൈസ് ചാൻസിലർ | ഒഴിവ് | 01.04.2019 മുതൽ 27.06.2019 വരെ |
| | ഡോ. അയൂബ് എസ്. | 28.06.2019 മുതൽ 31.03.2020 വരെ |
| രജിസ്ട്രാർ | ഡോ. പത്മകുമാർ ജി.പി. | 01.04.2019 മുതൽ 24.02.2020 വരെ |
| | ഡോ. വൃന്ദ വി. നായർ (രജി.-ഇൻ- ചാർജ്ജ്) | 25.02.2020 മുതൽ 31.03.2020 വരെ |
| ഫൈനാൻസ് ഓഫീസർ | ശ്രീ. ഉദയൻ സി.സി. | 01.04.2019 മുതൽ 05.03.2020 വരെ |
| | ഒഴിവ് | 06.03.2020 മുതൽ 31.03.2020 വരെ |
| കൺട്രോളർ ഓഫ് എക്സാമിനേഷൻ | ഡോ. വൃന്ദ വി. നായർ | 01.04.2019 മുതൽ 16.08.2019 വരെ |
| | ഡോ. സുരേഷ് ബാബു വി. | 17.08.2019 മുതൽ 31.03.2020 വരെ |

2019-20 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 40 ഓഡിറ്റ് അന്വേഷണങ്ങളും 18 ഓഡിറ്റ് റിക്വിസിഷനുകളും നൽകിയതിൽ 15 ഓഡിറ്റ് അന്വേഷണങ്ങൾക്കും 10 ഓഡിറ്റ് റിക്വിസിഷനുകൾക്കും മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ സർവ്വകലാശാല സ്വീകരിക്കേണ്ടതാണ്. സർവ്വകലാശാലയിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സർവ്വകലാശാല നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സർവ്വകലാശാല ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല. ഓഡിറ്റിന്റെ പരിശോധനയ്ക്കായി ലഭ്യമാക്കിയ രേഖകളുടെയും മറുപടിയുടെയും പരിശോധനയ്ക്ക് ശേഷം പ്രധാനപ്പെട്ട പരാമർശങ്ങളാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. www.aims.ksad.kerala.gov.in/esubmission എന്ന വെബ് പോർട്ടൽ സന്ദർശിച്ച് സർവ്വകലാശാലയ്ക്ക് ലഭ്യമാക്കിയിട്ടുള്ള User name, pass word എന്നിവയിലൂടെ ഓഡിറ്റ് റിപ്പോർട്ട് നിരീക്ഷിക്കാവുന്നതും തുടർനടപടികൾ സ്വീകരിക്കാവുന്നതുമാണ്.

ഓഡിറ്റ് റിപ്പോർട്ട് ചുവടെ ചേർക്കുന്ന പ്രകാരം നാല് ഭാഗങ്ങളായി ക്രമീകരിച്ചിരിക്കുന്നു.

| ക്രമ നം. | ഭാഗം | വിഷയം |
|---|---|---|
| 1 | ഭാഗം 1 | പൊതു അവലോകനം |
| 2 | ഭാഗം 2 | വരവിനങ്ങളിലെ ഓഡിറ്റ് പരാമർശങ്ങൾ |
| 3 | ഭാഗം 3 | ചെലവിനങ്ങളിലെ ഓഡിറ്റ് പരാമർശങ്ങൾ |
| 4 | ഭാഗം 4 | ധനകാര്യ വിശകലനവും ഓഡിറ്റ് പ്രത്യവലോകനവും |

ഉള്ളടക്കം


| ക്രമനം | ഖണ്ഡിക | വിഷയം | പേജ് നം. |
|---|---|---|---|
| 1 | 1-1 | ബജറ്റ് | 4 |
| 2 | 1-1-1 | ബജറ്റ് - നടപടിക്രമത്തിലെ അപാകങ്ങൾ | 4 |
| 3 | 1-1-2 | ബജറ്റ് - സംസ്ഥാന സർക്കാർ വകയിരുത്തൽ | 4 |
| 4 | 1-2 | വാർഷിക കണക്ക് സമർപ്പിച്ചത് | 4 |
| 5 | 1-3 | അക്കൌണ്ട്സ് പരിപാലനം - അപാകങ്ങൾ | 5 |
| 6 | 1-3-1 | അക്കൌണ്ടിംഗ് ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല | 5 |
| 7 | 1-3-2 | സർവ്വകലാശാലയുടെ വാർഷികകണക്കുകൾ ചാർട്ടേഡ് അക്കൌണ്ടന്റ് തയ്യാർ ചെയ്യുന്നു. | 5 |
| 8 | 1-3-3 | വാർഷിക കണക്കിനൊപ്പം പത്രികകൾ സമർപ്പിച്ചിട്ടില്ല | 5 |
| 9 | 1-3-4 | ക്യാഷ് ബുക്ക് പരിപാലനം - അപാകതകൾ നിലനിൽക്കുന്നു. | 5 |
| 10 | 1-3-5 | ആസ്തി -ഡിപ്രീസിയേഷൻ നിരക്ക് നിർണ്ണയിച്ചതിൽ വ്യക്തതയില്ല | 6 |
| 11 | 1-3-6 | വാർഷിക കണക്കും ടാലി സോഫ്റ്റ് വെയർ പ്രകാരമുള്ള അക്കൌണ്ട്സും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു. | 6 |
| 12 | 1-3-7 | എസ്.ബി.ഐ. സ്ഥിര നിക്ഷേപവിവരം വാർഷികകണക്ക് ഷെഡ്യൂൾ 4-ൽ ഉൾപ്പെടുത്തിയിട്ടില്ല | 8 |
| 13 | 1-3-8 | റസീപ്റ്റ് & പെയ്മെന്റ് പ്രകാരമുള്ള മുൻകൂർ തുകകളും ഷെഡ്യൂളിലെ മുൻകൂർ തുകകളും പൊരുത്തപ്പെടുന്നില്ല | 8 |
| 14 | 1-4 | ഗ്രാന്റ് വിവരങ്ങൾ – സർക്കാർ ഗ്രാന്റ് | 8 |
| 15 | 1-4-1 | പ്ളാൻ പ്രോപ്പോസലുകൾ നടപ്പിൽ വരുത്തുന്നില്ല | 8 |
| 16 | 1-4-2 | ഗ്രാന്റിനത്തിൽ സർക്കാർ അനുവദിച്ച തുകയിൽ 16.7999182 കോടി രൂപ സർവ്വകലാശാല ഫണ്ടിൽ നിലനിൽക്കുന്നു. | 9 |
| 17 | 1-5 | സർവ്വകലാശാല സ്റ്റാന്റിംഗ് കൌൺസിൽ – അപാകതകൾ | 10 |
| 18 | 1-6 | സർക്കാർ ഉത്തരവ് പ്രകാരം സേവന നിരക്കുകളിൽ വർദ്ധനവ് വരുത്തിയില്ല – സർവ്വകലാശാലയ്ക്ക് വരുമാന നഷ്ടം | 11 |
| 19 | 1-7 | രജിസ്റ്ററുകളുടെ പരിപാലനം – അപാകതകൾ | 11 |
| 20 | 1-8 | കോളെജുകളിലെ ഇ-ഗ്രാന്റ് അക്കൌണ്ട് പരിപാലനം തൃപ്തികരമല്ല | 11 |
| 21 | 1-9 | CERD-രൂപീകരണ ലക്ഷ്യം നേടുന്നില്ല – പ്രവർത്തനത്തിൽ മേൽനോട്ടക്കുറവ് | 13 |
| 22 | 1-9-1 | CERD – സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച – ഫണ്ട് നഷ്ടപ്പെട്ടു | 13 |
| 23 | 1-9-2 | CERD – പ്ളാൻ പ്രൊപ്പോസലുകൾ നടപ്പിൽ വരുത്തുന്നില്ല | 13 |
| 24 | 1-9-3 | CERD – ഗ്രാന്റ് ചെലവ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 14 |
| 25 | 1-9-4 | ടെക്ഫെസ്റ്റ് -2020 നടപ്പിലാക്കിയില്ല – തുക (3,92,000/-) നിഷ്ഫലം | 14 |
| 26 | 1-10 | സർവ്വകലാശാലയ്ക്ക് കീഴിലെ ഗവേഷക വിദ്യാർത്ഥികളുടെ ഗവേഷണ പ്രവർത്തനങ്ങൾ – നടപടിക്രമങ്ങളിലെ വീഴ്ചകൾ | 15 |
| 27 | 1-11 | സ്ഥിര നിക്ഷേപങ്ങൾ – അപാകതകൾ | 16 |
| 28 | 1-12 | കരാർ വാഹനങ്ങളുമായി ബന്ധപ്പെട്ട അപാകതകൾ | 16 |
| 29 | 1-13 | വാഹനങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾ സംബന്ധിച്ച അപാകതകൾ | 17 |
| 30 | 1-14 | ഉത്തരക്കടലാസുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 17 |
| 31 | 1-14-1 | ഉത്തരക്കടലാസുകളുടെ സൂക്ഷിപ്പും പരിശോധനയും – നിരീക്ഷണ സംവിധാനം നിലവിലില്ല | 18 |

| | | | |
|---|---|---|---|
| 32 | 1-14-2 | മൂല്യനിർണ്ണയത്തിലെ അപാകതകൾ – ശിക്ഷാ നടപടികൾ അവ്യക്തം | 18 |
| 33 | 1-15 | റീ വാല്യേഷൻ റീഫണ്ട് വിതരണം – അപാകതകൾ | 19 |
| 34 | 3-1 | ടോണർ റീ ഫില്ലിംഗ് കരാർ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല – 60018/-രൂപ | 20 |
| 35 | 3-2 | സർക്കാരിന്റെ അനുമതി കൂടാതെയുള്ള കരാർ നിയമനം ക്രമവിരുദ്ധം | 21 |
| 36 | 3-3-1 | മുൻകൂറുകൾ – ചെലവ് രേഖകൾ ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു. | 22 |
| 37 | 3-3-2 | എൻഎസ്എസ് പ്രവർത്തനത്തിന് മുൻകൂറുകൾ – ചെലവു രേഖകൾ ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു. | 24 |
| 38 | 3-4 | ലീഗൽ കേസ് മാനേജ്മെന്റ് സോഫ്റ്റ് വെയർ – പ്രവർത്തനക്ഷമമാക്കിയിട്ടില്ല – നഷ്ടം 1,69,200/- | 24 |
| 39 | 4-1 | ഓഡിറ്റ് ചാർജ്ജ് (2019-20) | 25 |
| 40 | 4-2 | കേരള സാങ്കേതിക ശാസ്ത്ര സർവ്വകലാശാല സാമ്പത്തിക നില 2019-20 | 25 |
| 41 | 4-3 | ഓഡിറ്റ് പ്രത്യവലോകനം | 26 |
| 42 | 4-4 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 27 |


പൊതുവായ വിവരങ്ങൾ

എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തെയും സാങ്കേതിക ശാസ്ത്ര വിദ്യാഭ്യാസത്തെയും സമന്വയിപ്പിച്ച് ഉയർന്ന നിലവാരത്തിലാക്കുക എന്ന ആത്യന്തിക ലക്ഷ്യത്തോടെയാണ് 2014-ൽ കേരള സാങ്കേതിക ശാസ്ത്ര സർവ്വകലാശാല രൂപീകൃതമായത്. കൃത്യവും നൂതനവുമായ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമുകൾ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി നടപ്പിലാക്കുന്നതിനുള്ള സർവ്വകലാശാലയുടെ ശ്രമം അഭിനന്ദനാർഹമാണ്. സംസ്ഥാന തലത്തിൽ ശാസ്ത്രത്തിലും, ശാസ്ത്ര സാങ്കേതികവിദ്യയുടെ മേഖലകളിലും നടപ്പിലാക്കി വരുന്ന സ്ഥാപന തലത്തിലുള്ള മാനേജ്മെന്റ് പ്രോഗ്രാമുകൾ മറ്റ് സർവ്വകലാശാലകൾക്ക് അനുകരണീയമായ രീതിയിലാണുള്ളത് എന്നത് പ്രശംസനീയമാണ്.

2014-ൽ പ്രവർത്തനം ആരംഭിച്ച സർവ്വകലാശാലയിൽ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് വിഭാഗം 2021 മാർച്ച് മാസത്തിലാണ് പ്രവർത്തനം ആരംഭിച്ചത്. തുടർന്ന് ഓഡിറ്റ് റിപ്പോർട്ടുകളിലൂടെയും കത്തുകളിലൂടെയും അക്കൌണ്ട് പരിപാലനത്തിലെ അപാകങ്ങൾ ശ്രദ്ധയിൽപെടുത്തിയതിന് വളരെ ക്രിയാത്മകമായ നടപടികൾ ആണ് സർവ്വകലാശാലയുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടുള്ളത് എന്നതും പരാമർശമർഹിക്കുന്നു. എന്നാൽ, അക്കാഡമിക തലത്തിലും ഭരണ തലത്തിലും വേണ്ടത്ര നിലവാരം ഉയർത്തുവാൻ അനുയോജ്യമായ നൂതന പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുവാനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ സർവ്വകലാശാലയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

സർവ്വകലാശാല സമർപ്പിക്കുന്ന പ്ലാൻ പ്രൊപ്പോസലിന് സർക്കാർ അംഗീകാരം ലഭിക്കുകയും ബജറ്റിൽ തുക വകയിരുത്തുകയും ചെയ്യുന്നുണ്ടെങ്കിലും നാമമാത്രമായ പദ്ധതികൾ നടപ്പിലാക്കുകയും ഭരണാനുമതി ലഭിച്ച പദ്ധതികൾ നടപ്പിലാക്കാതെ ഫണ്ട് പൂർണ്ണമായി വിനിയോഗിക്കാത്ത സ്ഥിതി വിശേഷമാണ് തുടർന്നു വരുന്നത്. പദ്ധതികൾ ശൈശവ ദശയിൽ തന്നെ ഇല്ലാതാവുന്നു. സർവ്വകാലശാലയുടെ ഭരണ നിർവ്വഹണത്തിന് ദിശാബോധം നൽകി ശാസ്ത്ര സാങ്കേതിക രംഗത്ത് വിപ്ളവകരമായ മാറ്റങ്ങൾക്ക് നേതൃത്വം നൽകേണ്ട അധികാരസ്ഥാനങ്ങൾ ധാർമ്മികമായ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നതിൽ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നുണ്ടോയെന്നത് സർവ്വകലാശാല തലത്തിൽ അപഗ്രഥനം നടത്തേണ്ടതുണ്ട്.

ദേശീയ അന്തർദ്ദേശീയ സ്ഥാപനങ്ങളുമായി എഞ്ചിനീയറിംഗ് ശാസ്ത്രത്തെയും ശാസ്ത്ര സാങ്കേതിക വിദ്യയെയും ബന്ധിപ്പിക്കുന്ന ഒരു നോഡൽ ഏജൻസിയായി പ്രവർത്തിക്കുകയെന്ന സർവ്വകലാശാല രൂപീകരണ ലക്ഷ്യം നാളിതുവരെ പ്രാവർത്തികമാക്കുവാനുള്ള യാതൊരു നടപടിയും അധികൃതർ സ്വീകരിച്ചിട്ടില്ല.

ആധുനിക വിനിമയ മാധ്യമവും ശാസ്ത്ര സാങ്കേതിക വിദ്യയും പകരുന്ന പുതിയ അറിവുകൾ സ്കിൽ ഡെവലപ്മെന്റിന് ഉതകുന്ന രീതിയിലും ഇന്നവേറ്റീവ് ആയ രീതിയിലും എഞ്ചിനീയറിംഗ് ശാസ്ത്രത്തെ ബന്ധിപ്പിക്കുന്ന പരിശീലന പരിപാടികൾ നടപ്പിലാക്കുക എന്ന ലക്ഷ്യം നേടുന്നതിന് ഉതകുന്നുണ്ടോ എന്നത് പരിശോധനാ വിധേയമാക്കേണ്ടതാണ്. സർവ്വകലാശാലയുടെ കീഴിലെ വിവിധ കോളേജുകളിലെ പഠിതാക്കളുടെ ലേണിംഗ് സ്കില്ലുകൾ അക്കാഡമിക് ഗുണ നിലവാരത്തോടെയും ഫോക്കൾട്ടി സ്റ്റാൻഡോടുംകൂടി ഉന്നത നിലവാരത്തിലെത്തിക്കുക എന്ന ലക്ഷ്യത്തിനുതകുന്ന കർമ്മപരിപാടികൾ യാതൊന്നും 2019-20 സാമ്പത്തിക വർഷം നടപ്പാക്കിയിട്ടില്ല. കൂടാതെ, എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ ആശയസംവേദനങ്ങൾക്കും നൂതനാശയങ്ങളുടെ ആവിഷ്കാരത്തിനും വേദിയാകുന്ന, CERD-ന്റെ രൂപീകരണ ലക്ഷ്യങ്ങളിലൊന്നായ TECHFEST 2019-20 സാമ്പത്തിക വർഷം സംഘടിപ്പിച്ചിട്ടില്ല. ഇത്തരം വിഷയങ്ങൾക്ക് ഊന്നൽ നൽകുന്നതിന് സർവ്വകലാശാല പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

സർവ്വകലാശാലയുടെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | തുക(ലക്ഷത്തിൽ) |
|---|---|
| പ്രതീക്ഷിത മുന്നിരിപ്പ് | 172,51.24 |
| പ്രതീക്ഷിത തൻ വർഷ വരവ് | 157,43.00 |
| ആകെ | 329,94.24 |
| പ്രതീക്ഷിത തൻ വർഷ ചെലവ് | 122,64.00 |

| | |
|---|---|
| പ്രതീക്ഷിത നീക്കിയിരിപ്പ് | 207,30.24 |

4.02.2019-ലെ സിൻഡിക്കേറ്റ് മീറ്റിംഗിൽ S-004-003 നമ്പരായി അംഗീകാരം നൽകി ബോർഡ് ഓഫ് ഗവേണേഴ്സിന്റെ അംഗീകാരത്തിനായി സമർപ്പിച്ച 2019-2020 സാമ്പത്തിക വർഷത്തെ ബജറ്റിന് 04.05.2019-ലെ GB-009-008 നമ്പർ തീരുമാന പ്രകാരം അംഗീകാരം നൽകി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

### 1-1-1 ബജറ്റ് - നടപടിക്രമത്തിലെ അപാകങ്ങൾ

കേരള സാങ്കേതിക ശാസ്ത്ര സർവ്വകലാശാല നിയമം വകുപ്പ് 51(1) പ്രകാരം അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് ധനവിവര പത്രികയോടൊപ്പം ഫൈനാൻസ് ഓഫീസർ തയ്യാറാക്കേണ്ടതും നിർവ്വാഹക സമിതിക്ക് സമർപ്പിക്കേണ്ടതും അയത് ചർച്ച ചെയ്ത് അംഗീകരിച്ച അന്തിമ പകർപ്പ് ബോർഡ് ഓഫ് ഗവേണേഴ്സിന്റെ അംഗീകാരം നേടി സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്. സർവ്വകലാശാല നിയമം വകുപ്പ് 50(2) പ്രകാരം സർവ്വകലാശാലയുടെ സാമ്പത്തിക വർഷം സർക്കാരിന്റേതിനോട് സമാനമാണ്. 2019-20 സാമ്പത്തിക വർഷം 1.4.2019-ന് ആരംഭിച്ചശേഷം 04.05.2019നാണ് ബോർഡ് ഓഫ് ഗവേണേഴ്സ് 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിന് അംഗീകാരം നൽകിയിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല. കൂടാതെ, 2019-20 സാമ്പത്തിക വർഷം സർവ്വകലാശാല റിവൈസ്ഡ് ബജറ്റ് തയ്യാറാക്കി അംഗീകാരം നേടിയിട്ടില്ല (ഓഡിറ്റ് റിക്വിസിഷൻ നം.18/2019-20 തീയതി.25.07.2022). തുടർ വർഷങ്ങളിൽ, ബജറ്റ് നടപടി ക്രമങ്ങൾ പാലിച്ച് സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപ് ബജറ്റ് ബോർഡ് ഓഫ് ഗവേണേഴ്സിന് സമർപ്പിച്ച് അംഗീകാരം നേടുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-1-2 ബജറ്റ് - സംസ്ഥാന സർക്കാർ വകയിരുത്തൽ

2019-20 സാമ്പത്തിക വർഷം സർക്കാർ, സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയ്ക്കായി ബജറ്റിൽ വകയിരുത്തിയിരുന്ന തുകയുടെയും 2019-20 സാമ്പത്തിക വർഷം അനുവദിച്ച തുകയുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബജറ്റ് ഹെഡ് | ഇനം | വകയിരുത്തിയ തുക (കോടി) | അനുവദിച്ച തുക (കോടി) | അനുവദിച്ച തുകയുടെ ശതമാനം |
|---|---|---|---|---|---|
| 1 | 2203-00-102-97-35 | മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള ധനസഹായം - പ്ലാൻ | 10.3333 | - | 0 |
| 2 | 2203-00-102-97-36 | ശമ്പളേതരം - പ്ലാൻ | 20.6667 | 6.6 | 32 |
| 3 | 2203-00-102-97-31 | ശമ്പളേതരം - നോൺ പ്ലാൻ | 37.0800 | - | 0 |
| 4 | 2203-00-112-72 | CERD - പ്ലാൻ | 2.5 | 0.8 | 32 |
| | | ആകെ | 70.58 | 7.4 | 10.48 |
| | | ഗ്രാന്റ് റിട്ടേൺ- തിരികെ നൽകിയത് | - | 4.6 | - |
| | | ആകെ | 70.58 | 12 | - |

### 1-2 വാർഷികകണക്ക് സമർപ്പിച്ചത്

സർവ്വകലാശാലയിൽ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് വിഭാഗം 2021 മാർച്ച് മുതൽ പ്രവർത്തനം ആരംഭിച്ചതിനെ തുടർന്ന്, 14.10.2021-ലെ കെ.റ്റി.യു/എഎസ്എസ്.റ്റി1(ഫിൻ)/4719/2021 നമ്പർ കത്ത് പ്രകാരം 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്.

### 1-3 അക്കൌണ്ട് പരിപാലനം- അപാകങ്ങൾ

പൂർണ്ണമായും ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്നതിന് രൂപകല്പന ചെയ്ത സർവ്വകലാശാലയിൽ അക്കൌണ്ട് പരിപാലനം Tally സോഫ്റ്റ് വെയർ മുഖേനയാണ് നിർവ്വഹിക്കുന്നത്. അക്കൌണ്ട് പരിപാലനവുമായി ബന്ധപ്പെട്ട അപാകങ്ങൾ വർഷങ്ങളായി നിലനിൽക്കുന്നതിനാൽ, വിഷയം 04.05.2022-ലെ കെ.എസ്.എ.കെ.റ്റി.യു3/70(എ)/2021 നമ്പർ കത്ത് മുഖേന സർവ്വകലാശാലയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. ആയതിന് സർവ്വകലാശാല 12.08.2022-ലെ കെ.റ്റി.യു/എഎസ്എസ്.റ്റി1 /(ഫിൻ)/4086/22 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി അനുസരിച്ച് 2021-22 സാമ്പത്തിക വർഷം മുതലുള്ള അക്കൌണ്ടുകൾ സർവ്വകലാശാല ജീവനക്കാർ നേരിട്ട് കൈകാര്യം ചെയ്യുന്നതിനാൽ അപാകതകൾ പരിഹരിച്ച് തയ്യാർ ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. എന്നാൽ, 2019-20 വർഷത്തെ ചാർട്ടേഡ് അക്കൌണ്ടന്റ് തയ്യാർ ചെയ്ത് നൽകിയ സർവ്വകലാശാലയുടെ അക്കൌണ്ടിൽ അപാകതകൾ നിലനിൽക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

### 1-3-1 അക്കൌണ്ടിംഗ് ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല

സർവ്വകലാശാല നിയമം വകുപ്പ് 50(4) പ്രകാരം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല നിധിയുടെ സൂക്ഷിപ്പും അതിൽ

പണമടയ്ക്കുന്നതും അതിൽ നിന്നും പണം പിൻവലിക്കുന്നതും മറ്റെല്ലാ കാര്യങ്ങളും അതിലേക്കായി ഉണ്ടാക്കിയ സ്റ്റാറ്റ്യൂട്ടുകളാലും ഓർഡിനൻസുകളാലും നിയന്ത്രിക്കപ്പെടേണ്ടതാണ്. 2014-ൽ പ്രവർത്തനം ആരംഭിച്ച സർവ്വകലാശാല 5 വർഷം പിന്നിടുമ്പോഴും സാമ്പത്തിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി അക്കൌണ്ടിംഗ് ചട്ടങ്ങൾ, ഫൈനാൻഷ്യൽ കോഡ് എന്നിവ രൂപീകരിച്ചിട്ടില്ല. സർക്കാരിൽ നിന്നുള്ള ഗ്രാന്റ് അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന സർവ്വകലാശാലയുടെ സാമ്പത്തിക കാര്യങ്ങളുടെ അക്കൌണ്ടിംഗിനായി അക്കൌണ്ടിംഗ് ചട്ടങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കേണ്ടത് സംബന്ധിച്ച് മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ (2014-15 മുതലുള്ള) പ്രതിപാദിച്ചിട്ടുണ്ടെങ്കിലും സർവ്വകലാശാലയുടെ ഭാഗത്തുനിന്ന് സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റ് തീയതിയിലും ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല. അക്കൌണ്ടിംഗ് ചട്ടങ്ങൾ, ഫൈനാൻഷ്യൽ കോഡ് എന്നിവ പൂർത്തിയാക്കി പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.

### 1-3-2 സർവ്വകലാശാലയുടെ വാർഷികകണക്കുകൾ ചാർട്ടേഡ് അക്കൌണ്ടന്റ് തയ്യാർ ചെയ്യുന്നു.

2015-ലെ സാങ്കേതിക ശാസ്ത്ര സർവ്വകലാശാല നിയമം വകുപ്പ് 53(1) സർവ്വകലാശാല അക്കൌണ്ടുകൾ തയ്യാറാക്കുന്നതിന് ഫൈനാൻസ് ഓഫീസറെ ചുമതലപ്പെടുത്തിയിരിക്കുന്നു. എന്നാൽ, 2019-20 സാമ്പത്തിക വർഷത്തെ അക്കൌണ്ടുകൾ സാമ്പത്തിക വർഷം അവസാനിച്ചശേഷം ഇന്റേണൽ ഓഡിറ്റിനായി (സർവ്വകലാശാല നിയമം സെക്ഷൻ 52(1) പ്രകാരം) നിയമിച്ച ചാർട്ടേഡ് അക്കൌണ്ടന്റാണ് തയ്യാറാക്കിയിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല.

### 1-3-3 വാർഷികകണക്കിനൊപ്പം പത്രികകൾ സമർപ്പിച്ചിട്ടില്ല

ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ ചട്ടം15(1)(സി) പ്രകാരം അക്കൌണ്ട്സിനൊപ്പം സമർപ്പിക്കേണ്ട ചുവടെ ചേർക്കുന്ന പത്രികകൾ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടില്ല.

1. വിവിധ ഫീസ് വരവിന്റെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് സ്റ്റേറ്റ്മെന്റ്

2. പരീക്ഷാ ഫീസിനത്തിലെ വരവിന്റെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് സ്റ്റേറ്റ്മെന്റ്

സർവ്വകലാശാല 12.08.2022-ലെ കെ.റ്റി.യു/എഎസ്എസ്.റ്റി1/ (ഫിനാൻസ്)/ 4086/ 22 നമ്പർ കത്ത് പ്രകാരം വിഷയത്തിൽ ലഭ്യമാക്കിയ മറുപടി അനുസരിച്ച് മുൻവർഷങ്ങളിൽ അക്കാദമിക വർഷം മാത്രം ആസ്പദമാക്കിയായിരുന്നു കണക്കുകൾ രൂപകല്പന ചെയ്തിരുന്നത്. പോർട്ടലിൽ മാറ്റം വരുത്തിയതുപ്രകാരം 2022-23 സാമ്പത്തിക വർഷം മുതലുള്ള സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാൻ സാധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ പരിഹരിക്കാൻ സർവ്വകലാശാലയുടെ ഭാഗത്തു നിന്ന് നടപടി സ്വീകരിച്ചതും ആയതിന്റെ പരിശ്രമവും എടുത്തുപറയേണ്ടതാണ്. എന്നാൽ, 2019-20 സാമ്പത്തിക വർഷത്തെ സംബന്ധിച്ചിടത്തോളം ഡി.സി.ബി. സ്റ്റേറ്റ്മെന്റ് ലഭ്യമല്ല എന്ന അപാകം നിലനിൽക്കുന്നു.

### 1-3-4 ക്യാഷ് ബുക്ക് പരിപാലനം - അപാകങ്ങൾ

ടാലിയിൽ തയ്യാർ ചെയ്യുന്ന ക്യാഷ് ബുക്കിലെ അപാകങ്ങ ൾ

1. കേരള ട്രഷറി കോഡ് വാല്യം‌ ചട്ടം 92(എ)ൽ നിർദ്ദേശിക്കുന്ന പ്രകാരം ക്യാഷ് ബുക്ക് മാസാന്ത്യ ക്ളോസിംഗ് നടത്തി, ബാങ്ക് അക്കൌണ്ടുമായി റീകൺസൈൽ ചെയ്ത് രേഖപ്പെടുത്തൽ വരുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. കേരള ട്രഷറി കോഡ് വാല്യം‌ ചട്ടം 92(എ)ൽ നിർദ്ദേശിക്കുന്ന പ്രകാരം ചെലവ് ചെയ്യുന്ന വേളയിൽ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തൽ വരുത്തുന്നതിന് പകരം സാമ്പത്തിക വർഷം അവസാനിച്ചശേഷം ഇന്റേണൽ ഓഡിറ്റിനായി നിയമിക്കപ്പെടുന്ന ചാർട്ടേഡ് അക്കൌണ്ടന്റ് ബാങ്ക് സ്റ്റേറ്റ്മെന്റ് അടിസ്ഥാനമാക്കി അക്കൌണ്ട് തയ്യാറാക്കുന്നതിനാൽ, ടാലിയിൽ ഡബിൾ എൻട്രി മാതൃകയിൽ തയ്യാർ ചെയ്യുന്ന അക്കൌണ്ടിൽ സിംഗിൾ എൻട്രിക്ക് സമാനമായി യഥാർത്ഥ വരവ് ചെലവുകളാണ് പ്രതിഫലിക്കുന്നത്. ഉദാ. 22.05.2019-ലെ EX-IV1/2611 നമ്പർ സർവ്വകലാശാല ഉത്തരവ് പ്രകാരം ബി.ടെക് എസ്7 റഗുലർ & സപ്ളി പരീക്ഷയുടെ വാല്വേഷൻ തുകയായി അനുവദിച്ച 71600/- രൂപയിൽ യഥാർത്ഥ ചെലവായ 56200/- രൂപയാണ് അക്കൌണ്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

3. ഓരോ ചെലവിനും അനുസൃതമായി ചെലവിനം രേഖപ്പെടുത്തുന്നില്ല.
സർവ്വകലാശാലയ്ക്ക് നിയതമായ അക്കൌണ്ടിംഗ് ചട്ടങ്ങളോ ഫൈനാൻഷ്യൽ കോഡോ നിലവിലില്ലാത്ത സാഹചര്യത്തിൽ കേരള ട്രഷറി കോഡ് വാല്യം‌ ചട്ടം92(എ) പ്രകാരം ക്യാഷ് ബുക്ക് പരിപാലിക്കേണ്ടതാണ്. ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്നതിന് രൂപകല്പന ചെയ്ത സർവ്വകലാശാലയ്ക്ക് ഇതു സംബന്ധമായി ആവശ്യമായ ചട്ടങ്ങൾ രൂപീകരിച്ച് സർക്കാർ അംഗീകാരത്തോടെ നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. ആയത് നടപ്പിൽ വരുത്തുന്നതുവരെ നിലവിലെ നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന പ്രകാരം രേഖകൾ സൂക്ഷിക്കേണ്ടതാണ്.

### 1-3-5 ആസ്തി - ഡിപ്രീസിയേഷൻ നിരക്ക് നിർണ്ണയിച്ചതിൽ വ്യക്തതയില്ല

2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ, 'Fixed Assets- Schedule-2' "Academic Books"-ന് തൻവർഷം 15% നിരക്കിൽ ആണ് Depreciation കണക്കാക്കിയിട്ടുള്ളത്. എന്നാൽ, 2018-19 സാമ്പത്തിക വർഷം "Academic Books"-ന് Depreciation നിരക്ക് 40% നിരക്കിൽ ആണ് കണക്കാക്കിയിട്ടുള്ളത്. ഇത്തരത്തിൽ വ്യത്യസ്ത നിരക്കിൽ Depreciation കണക്കാക്കിയതിന്മേൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 13.06.2022-ലെ ഓഡിറ്റ് എൻക്വയറി നം.10-ന് മറുപടി ലഭിച്ചിട്ടില്ല. 'Fixed Assets- Schedule-2'-ൽ സൂചിപ്പിച്ചിട്ടുള്ള Depreciation നിരക്കിന് ആധാരമായ Guideline/Order/Decision of Authority ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് റിക്വിസിഷൻ നം.8/08.06.2022നം മറുപടി ലഭ്യമാക്കിയിട്ടില്ല . ഈ വിഷയത്തിൽ വാർഷിക കണക്ക് തയ്യാറാക്കിയ ചാർട്ടേഡ് അക്കൌണ്ടന്റിൽ നിന്ന് വിശദീകരണം ലഭ്യമാക്കി ഓഡിറ്റിന്റെ പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണ്.

## 1-3-6 വാർഷിക കണക്കും ടാലി സോഫ്റ്റ് വെയർ പ്രകാരമുള്ള അക്കൌണ്ട്സും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു

സർവ്വകലാശാല ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം, സർവ്വകലാശാലയുടെ 2019-20 സാമ്പത്തിക വർഷത്തെ അക്കൌണ്ട്സ് ടാലി സോഫ്റ്റ് വെയറിലാണ് തയ്യാർ ചെയ്തിട്ടുള്ളത്. എന്നാൽ ഓഡിറ്റിനായി ലഭ്യമാക്കിയ അക്കൌണ്ട്സും ടാലി സോഫ്റ്റ് വെയർ പ്രകാരമുള്ള അക്കൌണ്ട്സും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ടാലി സോഫ്റ്റ് വെയർ പ്രകാരമുള്ള ആകെ വരവ് | ഓഡിറ്റിന് ലഭ്യമാക്കിയ അക്കൌണ്ട് പ്രകാരം ആകെ വരവ് | വരവിനത്തിലെ വ്യത്യാസം |
|---|---|---|
| 248,94,41,616.76 | 275,66,65,878.00 | 26,72,24,261.24 |

| ടാലി സോഫ്റ്റ് വെയർ പ്രകാരമുള്ള ആകെ ചെലവ് | ഓഡിറ്റിന് ലഭ്യമാക്കിയ അക്കൌണ്ട് പ്രകാരം ആകെ ചെലവ് | ചെലവിനത്തിലെ വ്യത്യാസം |
|---|---|---|
| 234,63,05,608.25 | 261,35,29,869.49 | 26,72,24,261.24 |

ഓഡിറ്റിനായി ലഭ്യമാക്കിയ വാർഷികകണക്കും ടാലി സോഫ്റ്റ് വെയർ പ്രകാരമുള്ള അക്കൌണ്ട്സും തമ്മിൽ വ്യത്യാസത്തെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.5/09.06.22, നം.17/26.07.22) ലഭ്യമാക്കിയ മറുപടി പരിഗണിച്ച ശേഷവും വിവിധ ഹെഡുകളിലെ ചെലവിനങ്ങളിൽ നിലനിൽക്കുന്ന പ്രകടമായ വ്യത്യാസം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൌണ്ട് ഹെഡ് | ടാലി സോഫ്റ്റ് വെയർ പ്രകാരമുള്ള തുക | ഓഡിറ്റിന് ലഭ്യമാക്കിയ അക്കൌണ്ട് പ്രകാരം തുക |
|---|---|---|---|
| | വരവിനത്തിലെ വ്യത്യാസം | | |
| 1 | Current Assets- Closure proceeds from fixed Deposits | 1397590386.00 | 1731338343.00 |
| 2 | Other Fees – B.Tech. Certification fee (Express scheme) | 427500.00 | 426000.00 |
| 3 | M.Tech Grade Card Attestation Fee | 363950.00 | 360950.00 |
| 4 | RTI Fee | 26944.00 | 26869.00 |
| 5 | University Transfer Application Fee | 169750.00 | 159750.00 |
| 6 | Interest Received on Fixed Deposit | 5362115.00 | 29552093.00 |
| 7 | Other Income – Prior Period Income | 1137162.00 | 893056.00 |
| 8 | Non Current Liabilities – PF KTU | 1372699.00 | 2860299.00 |
| | ചെലവിനത്തിലെ വ്യത്യാസം | | |
| 9 | Current Liabilities – Duties & Taxes- GST | 531420.00 | 237561.00 |
| 10 | Current Liabilities – Duties & Taxes- TDS | 8938331.00 | 6341808.00 |
| 11 | CMDRF | 735000 | 793496 |
| 12 | CERD- Financial Assistance for paper presentation -India | - | 70912 |
| 13 | CERD-Financial Assistance -Technical Presentation - Abroad | - | 1,00,000 |
| 14 | CERD-Innovative student project | 1209006 | 1054643 |
| 15 | KTU-Grant-Exp- Other External Services | 4938675 | 4890910 |
| 16 | KTU-Grant-Exp-Other Office Exp | 327686 | 121593 |
| 17 | KTU-Grant-Exp-Repairs & Maintenance | 199112 | 179928 |
| 18 | KTU-Grant-Exp-Software Dev | 36146345 | 35038370 |

| | | | |
|---|---|---|---|
| 19 | KTU-Grant-Exp-Fuel | 340787 | 335820 |
| 20 | KTU-Grant-Exp-Stationery | 5000 | 4959 |
| 21 | KTU-Grant-Exp-Students co curricular activities | 780558 | 581355 |
| 22 | KTU-Grant-Exp-Examinations | 168656630.60 | 167459511.16 |
| 23 | KTU-Grant-Exp-Workshop under AT | 673911.44 | 20511.44 |
| 24 | KTU-Grant-Exp-Examinations-TDS | 3346832 | 3318332 |
| 25 | KTU-Grant-Exp.Operating Exp | 1238656 | 1209390 |
| 26 | KTU-Grant-Exp-Misc.Exp | 3662809 | 2492321 |
| 27 | KTU-Grant-Exp-Q Training | 6532124 | 6530522 |
| 28 | KTU-Grant-Exp-Bank charges | 210662.31 | 210563.55 |
| 29 | KTU-Grant-Exp-Confidential Exp | 10582715.86 | 10467326.86 |

ഓഡിറ്റിനായി ലഭ്യമാക്കിയ വാർഷികകണക്കും ടാലി സോഫ്റ്റ് വെയർ പ്രകാരമുള്ള അക്കൌണ്ട്സും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നതിന്മേൽ സർവ്വകലാശാല 12.08.2022-ലെ കെ.റ്റി.യു/എഎസ്എസ്.റ്റി1/(ഫിനാൻസ്)/4086/22 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി, ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/06.07.2022) ലഭ്യമാക്കിയ മറുപടി എന്നിവ പ്രകാരം, ടാലി സോഫ്റ്റ് വെയറിലെ റസീപ്റ്റ് & പെയ്മെന്റ് അക്കൌണ്ടിലെ കണക്കുകൾ ജേണൽ എൻട്രി അഥവാ ഡ്യൂ എൻട്രി ഉൾപ്പെട്ട തുകകൾ ആണ് എന്നും സാമ്പത്തിക വർഷത്തിൽ ബാങ്കിലൂടെ ലഭിച്ച വരവ് ചെലവുകൾ അടിസ്ഥാനമാക്കി പ്രൊഫഷണൽ അക്കൌണ്ടിംഗ് മാതൃകയിൽ റസീപ്റ്റ് & പെയ്മെന്റ് അക്കൌണ്ട് തയ്യാറാക്കി എടുത്തിട്ടുള്ളതാണ് വാർഷികകണക്കിൽ ലഭ്യമാക്കിയിട്ടുള്ളതെന്നാണ് ഓഡിറ്റിൽ അറിയിച്ചിട്ടുള്ളത്. സർവ്വകലാശാലയ്ക്ക് സിംഗ്ൾ എൻട്രി അക്കൌണ്ടിംഗോ ഡബ്ൾ എൻട്രി അക്കൌണ്ടിംഗോ ഏതെങ്കിലും ഒരു രീതി അനുസരിച്ചുള്ള അക്കൌണ്ടിംഗ് പോളിസി കൈക്കൊള്ളാവുന്നതാണ്. ഇത്തരത്തിൽ സർവ്വകലാശാല പിൻതുടരുന്ന ഒരു അക്കൌണ്ടിംഗ് പോളിസിക്ക് അനുസൃതമായിട്ടായിരിക്കണം സർവ്വകലാശാലയുടെ അക്കൌണ്ട് തയ്യാർ ചെയ്യുന്നതും ഓഡിറ്റിനായി അക്കൌണ്ട് സമർപ്പിക്കേണ്ടതും. സർവ്വകലാശാല പ്രവർത്തനമാരംഭിച്ച് 5 വർഷം പൂർത്തിയാകുമ്പോഴും, നിയതമായ അക്കൌണ്ടിംഗ് പോളിസി നിലവിലില്ല എന്നതും, ഇന്റേണൽ ഓഡിറ്റിനായി നിയമിക്കപ്പെടുന്ന ചാർട്ടേഡ് അക്കൌണ്ടന്റിനനുസൃതമായി സർവ്വകലാശാലയുടെ അക്കൌണ്ട് തയ്യാർ ചെയ്യപ്പെടുന്നുവെന്നതും ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ വിഷയത്തിൽ അടിയന്തര നടപടി കൈക്കൊള്ളേണ്ടതിന്റെ ആവശ്യകതയിലേക്ക് സർവ്വകലാശാല അധികാര സ്ഥാനങ്ങളുടെയും ഫൈനാൻസ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റിനായി Tally അക്കൌണ്ട്സ് അടിസ്ഥാനമാക്കിയാണ് ക്യാഷ് ബുക്ക് ലഭ്യമാക്കിയിട്ടുള്ളത് എന്നതിനാൽ ഓരോ ഹെഡിലെയും വരവ്, ചെലവിൽ ഉണ്ടായ വ്യത്യാസത്തിന്മേൽ (ഡ്യൂ എൻട്രി പ്രകാരമുള്ള (ഡബിൾ എൻട്രി) ടാലി സോഫ്റ്റ് വെയർ എൻട്രിയും യഥാർത്ഥ വരവ് ചെലവ് (സിംഗിൾ എൻട്രി) പ്രകാരം തയ്യാറാക്കി സമർപ്പിച്ച വാർഷിക കണക്കും പൊരുത്തപ്പെടുത്തി) വിശദീകരണം ഉൾപ്പെടെ ഓഡിറ്റിന്റെ പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണ്.

## 1-3-7 എസ്.ബി.ഐ. സ്ഥിരനിക്ഷേപ വിവരം വാർഷികകണക്ക് ഷെഡ്യൂൾ 4-ൽ ഉൾപ്പെടുത്തിയിട്ടില്ല

2019-20 സാമ്പത്തിക വർഷത്തെ വാർഷികകണക്കുകളോടൊപ്പം ലഭ്യമാക്കിയ സ്ഥിരനിക്ഷേപങ്ങളുടെ പട്ടികയിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലെ സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശം ഉൾപ്പെടുത്തിയിട്ടില്ല. (വിശദാംശം ഖ.1-11-ൽ)

## 1-3-8 റസീപ്റ്റ് & പെയ്മെന്റ് പ്രകാരമുള്ള മുൻകൂർ തുകകളും ഷെഡ്യൂളിലെ മുൻകൂർ തുകകളും പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിലെ റസീപ്റ്റ് & പെയ്മെന്റ് പ്രകാരമുള്ള മുൻകൂർ തുകകളും വാർഷികകണക്കുകളുടെ അനുബന്ധമായി ലഭ്യമാക്കിയിട്ടുള്ള ഷെഡ്യൂളിലെ മുൻകൂർ തുകകളും പൊരുത്തപ്പെടുന്നില്ല (വിശദാംശം ഖ.3-3-1).

## 1-4 ഗ്രാന്റ് വിവരങ്ങൾ- സർക്കാർ ഗ്രാന്റ്

2019-20 സാമ്പത്തിക വർഷം ലഭിച്ച സർക്കാർ ഗ്രാന്റിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് /ശീർഷകം | ഉത്തരവ് നം. / തീയതി | ലഭിച്ച തുക (ലക്ഷത്തിൽ) | വിനിയോഗിച്ച തുക (ലക്ഷത്തിൽ) | വിനിയോഗ ശതമാനം |
|---|---|---|---|---|---|
| 1 | ശമ്പളേതരം (പ്ലാൻ)<br>2203- 00-102-97-36 | സ.ഉ(സാധാ) നം. 1444/2019/HEDN<br>തീയതി.14.08.2019 | 660 | 660 | 100 |
| 2 | CERD – പ്ലാൻ<br>2203-00-112-72 | സ.ഉ.(സാധാ)നം. 1783/2019/HEDN<br>തീയതി.09.10.2019 | 40 | 40 | 100 |
| 2 | CERD – പ്ലാൻ<br>2203-00-112-72 | സ.ഉ.(സാധാ)നം. 396/2020/HEDN<br>തീയതി.07.03.2020 | 40 | 40 | 100 |
| | ആകെ | | 740 | 740 | |

### 1-4-1 പ്ലാൻ പ്രൊപ്പോസലുകൾ നടപ്പിൽ വരുത്തുന്നില്ല

2019-20 സാമ്പത്തിക വർഷം സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾക്കായി സമർപ്പിച്ച പ്ളാൻ പ്രൊപ്പോസലിന് 10.07.2019-ലെ സ.ഉ.(സാ.ധാ.)1184/2019/ഉ.വി.വ. ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിച്ച തുക, യഥാർത്ഥ ചെലവ് എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെലവിനം | ഭരണാനുമതി ലഭിച്ച തുക (ലക്ഷത്തിൽ) | ചെലവ് തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | Design and Innovation Centre | 100 | 0 |
| 2 | Faculty and Staff Development Programme | 150 | 32.1840 |
| 3 | Incentive for improving Quality | 25 | 0 |
| 4 | Internationalisation of Technical Education in Kerala | 25 | 0 |
| 5 | Maintenance and upgradation of Temporary Campus | 25 | 7.6 |
| 6 | Recurring Expenditure- salaries and Allowances | 1716.67 | 569.0300 |
| 7 | Research Centre in Big Data Analytics | 25 | 0 |
| | Total | 2066.67 | 608.81 |

2019-20 സാമ്പത്തിക വർഷത്തെ Plan Fund ചെലവ് വിവരങ്ങൾ പരിശോധിച്ചതിൽ, ഭരണാനുമതി ലഭിച്ച പ്ളാൻ പ്രൊപ്പോസലുകൾ നാമമാത്രമായി മാത്രമാണ് നടപ്പിൽ വരുത്തിയിട്ടുള്ളത്. ക്രമ നമ്പർ 1,3,4,7 എന്നിവയിൽ ഉൾപ്പെട്ട പ്ളാൻ പ്രൊപ്പോസലുകളിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.28/20.08.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പ്ളാൻ പ്രൊപ്പോസലുകൾ നടപ്പിലാക്കാത്തതു സംബന്ധിച്ച പരാമർശം ഉൾപ്പെട്ടിട്ടുണ്ട്. മുൻ പട്ടിക പ്രകാരം ശമ്പള, അനുബന്ധ ചെലവുകൾ ഒഴികെ കോളെജ് അധ്യാപകർക്കായി സംഘടിപ്പിക്കുന്ന Faculty and Staff Development Programme-നു മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. സർവ്വകലാശാലയുടെ സമഗ്ര വികസനത്തിനും രൂപീകരണ ലക്ഷ്യത്തിനും ഉതകുന്ന പദ്ധതികൾ ഒന്നുംതന്നെ തൻ വർഷം നടപ്പിൽ വരുത്തിയിട്ടില്ല. പ്ളാൻ പ്രൊപ്പോസൽ നടപ്പിൽ വരുത്താതിരിക്കുന്നത് തുടർച്ചയാകുമ്പോൾ സർക്കാർ ഗ്രാന്റ് നഷ്ടപ്പെടുന്നതിന് ഇടയാകുന്നതിന് പുറമെ സർവ്വകലാശാലയുടെ പ്രവർത്തന പുരോഗതി തടസ്സപ്പെടുന്നതിനും ഇടയാകുന്നു. സർവ്വകലാശാല അധികാരസ്ഥാനങ്ങളുടെ അടിയന്തര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതും ഗൌരവതരമായി ഈ വിഷയം കണക്കിലെടുത്ത് തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-4-2 സർക്കാർ അനുവദിച്ച ഗ്രാന്റ് തുകയിൽ 16.7999182 കോടി രൂപ സർവ്വകലാശാല അക്കൌണ്ടിൽ അവശേഷിക്കുന്നു

സർവ്വകലാശാല ഫയലുകൾ പ്രകാരം (ഫയൽ നം.കെ.റ്റി.യു/എഫ്/8/2014, ഫയൽ നം.കെ.റ്റി.യു/ഫിൻ1/553/2017) കേരള സാങ്കേതിക ശാസ്ത്ര സർവ്വകലാശാല പ്രവർത്തനം ആരംഭിച്ച 2014-15 സാമ്പത്തിക വർഷം മുതൽ 2019-20 സാമ്പത്തിക വർഷം വരെ സംസ്ഥാന സർക്കാരിൽ നിന്നു ലഭിച്ച ഗ്രാന്റിന്റെ വരവ് ചെലവ് കണക്കുകളുടെ വിശദവിവരം (കോടിയിൽ) ചുവടെ ചേർക്കുന്നു.

2014-15

| ക്രമ നം. | അക്കൌണ്ട് ഹെഡ് | ഗ്രാന്റ് ലഭിച്ചത് | ചെലവഴിച്ചത് | ബാക്കി |
|---|---|---|---|---|
| 1 | 2203-22-102-97-35 (Capital Assets) | - | - | - |
| 2 | 2203-22-102-97-36 (Non-salary) | 3.4999 | 2.3300178 | 2.6698822 |
| 3 | 2203-22-102-72-72 (CERD) | 1.5 | | |
| 4 | 4202-02-105-80 (Setting up of Campus) | - | - | - |
| | Total | 4.9999 | 2.3300178 | 2.6698822 |

2015-16

| ക്രമ നം. | അക്കൌണ്ട് ഹെഡ് | ഗ്രാന്റ് ലഭിച്ചത് | ചെലവഴിച്ചത് | ബാക്കി |
|---|---|---|---|---|
| 1 | 2203-22-102-97-35 (Capital Assets) | 18.0000 | - | 18 |

| | | | | |
|---|---|---|---|---|
| 2 | 2203-22-102-97-36 (Non-salary) | - | 2.1136 | -2.1136 |
| 3 | 2203-22-102-72-72 (CERD) | 2.2000 | 1.0973 | 1.1027 |
| 4 | 4202-02-105-80 (Setting up of Campus) | - | - | - |
| | Total | 20.2000 | 3.2109 | 16.9891 |

2016-17

| ക്രമ നം. | അക്കൌണ്ട് ഹെഡ് | ഗ്രാന്റ് ലഭിച്ചത് | ചെലവഴിച്ചത് | ബാക്കി |
|---|---|---|---|---|
| 1 | 2203-22-102-97-35 (Capital Assets) | 10.0000 | - | 10.0000 |
| 2 | 2203-22-102-97-36 (Non-salary) | - | 5.3615 | -5.3615 |
| 3 | 2203-22-102-72-72 (CERD) | 2.2000 | 1.7375 | 0.4625 |
| 4 | 4202-02-105-80 (Setting up of Campus) | - | - | - |
| | Total | 12.2000 | 7.099 | 5.101 |

2017-18

| ക്രമ നം. | അക്കൌണ്ട് ഹെഡ് | ഗ്രാന്റ് ലഭിച്ചത് | ചെലവഴിച്ചത് | ബാക്കി |
|---|---|---|---|---|
| 1 | 2203-22-102-97-35 (Capital Assets) | 8.3000 | - | 8.3 |
| 2 | 2203-22-102-97-36 (Non-salary) | 11.2000 | 7.7131 | 3.4869 |
| 3 | 2203-22-102-72-72 (CERD) | 2.2000 | 2.2000 | 0 |
| 4 | 4202-02-105-80 (Setting up of Campus) | - | - | - |
| | Total | 21.7000 | 9.9131 | 11.7869 |

2017-18 Grant Details – Non-Plan Fund

| ക്രമ നം. | അക്കൌണ്ട് ഹെഡ് | ഗ്രാന്റ് ലഭിച്ചത് | ചെലവഴിച്ചത് | ബാക്കി |
|---|---|---|---|---|
| 1 | 2203-22-102-97-31 (Salary) | ലഭിച്ചിട്ടില്ല | - | - |

2018-19- Plan Fund

| ക്രമ നം. | അക്കൌണ്ട് ഹെഡ് | ഗ്രാന്റ് ലഭിച്ചത് | ചെലവഴിച്ചത് | ബാക്കി |
|---|---|---|---|---|
| 1 | 2203-22-102-97-35 (Capital Assets) | 10.3333 | 11.7039 | 3.7994 |
| 2 | 2203-22-102-97-36 (Non-salary) | 5.17 | | |
| 3 | 2203-22-102-72-72 (CERD) | 2.2000 | 2.2000 | 0 |
| 4 | 4202-02-105-80 (Setting up of Campus) | - | - | - |
| | Total | 17.7033 | 13.9039 | 3.7994 |

2018-19 Grant Details – Non-Plan Fund

| ക്രമ നം. | അക്കൌണ്ട് ഹെഡ് | ഗ്രാന്റ് ലഭിച്ചത് | ചെലവഴിച്ചത് | ബാക്കി |
|---|---|---|---|---|
| 1 | 2203-22-102-97-36 (Non-Salary) | 5.0000 | - | 5.0000 |
| 2 | 2203-22-102-97-31 (Salary) | - | - | - |
| | Total | 5.0000 | | 5.0000 |

2019-20 Grant Details – Plan Fund

| ക്രമ നം. | അക്കൌണ്ട് ഹെഡ് | ഗ്രാന്റ് ലഭിച്ചത് | ചെലവഴിച്ചത് | ബാക്കി |
|---|---|---|---|---|
| 1 | 2203-22-102-97-35 (Capital Assets) | - | - | - |
| 2 | 2203-22-102-97-36 (Non-salary) | 6.6000 | 6.0881 | 0.5119 |
| 3 | 2203-22-102-72-72 (CERD) | 0.8000 | 0.7410 | 0.059 |
| 4 | 4202-02-105-80 (Setting up of Campus) | - | - | - |
| | Total | 7.4 | 6.8291 | 0.5709 |

2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ പ്ളാൻ ഫണ്ടിൽ ചെവഴിക്കാതെ അവശേഷിച്ച തുക സർക്കാർ ഈടാക്കിയതിന്റെ വിശദാംശം

2017-18 സാമ്പത്തിക വർഷം സർക്കാർ ഈടാക്കിയ തുക : 29,11,72,640/-

2018-19 സാമ്പത്തിക വർഷം സർക്കാർ ഈടാക്കിയ തുക : 4.6 കോടി

സർക്കാർ ഈടാക്കിയതിൽ 2019-20 സാമ്പത്തിക വർഷം തിരികെ നൽകിയ തുക – 4.6കോടി

2019-20 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പായി നിലനിൽക്കുന്ന 16.7999182 കോടി രൂപയുടെ

വിശദാംശം (തുക നിലനിൽക്കുന്ന അക്കൌണ്ടിന്റെ വിശദാംശം, തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം എന്നിവ) ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 40/19.09.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 21.08.2018-ലെ സർക്കുലറിൽ കേരള ഫൈനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 40(C) പ്രകാരം, വകുപ്പുകൾ, ബജറ്റിൽ അനുവദിക്കുന്ന തുക ചെലവഴിക്കുന്നതിന്റെ ഭാഗമായി ട്രഷറിയിൽ നിന്ന് തുക പിൻവലിച്ച് സർക്കാർ അക്കൌണ്ടിന് പുറത്ത് സൂക്ഷിക്കുന്ന സാഹചര്യം ഒരിക്കലും ഉണ്ടാകരുത് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. സർക്കാർ ഗ്രാന്റ് ലഭിക്കുന്നതിൽ കാലതാമസം സംഭവിച്ചു മുഖേന സർവ്വകലാശാല തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചത് റീക്കൂപ്പ് ചെയ്യാൻ അവശേഷിക്കുന്ന പക്ഷം ആയത് കണ്ടെത്തി സർക്കാർ അനുമതിയോടെ, തുടർനടപടി സ്വീകരിക്കേണ്ടതുണ്ട്. അല്ലാത്ത പക്ഷം, സർക്കാർ ഗ്രാന്റിൽ സർവ്വകലാശാല അക്കൌണ്ടിൽ നിലനിൽക്കുന്ന തുക, പ്രധാനമായും 2203-22-102-97-35 (Capital Assets)-ഹെഡിൽ സർവ്വകലാശാല സ്ഥിരം ക്യാമ്പസിനായി അനുവദിച്ച തുകയാകയാൽ, വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-5 സർവ്വകലാശാല സ്റ്റാന്റിംഗ് കൌൺസിൽ - അപാകതകൾ

07.08.2020 ന് നിലവിൽ വന്ന സർവ്വകലാശാലയുടെ ആദ്യ സ്റ്റാറ്റ്യൂട്ട് അദ്ധ്യായം 7 ഭാഗം VII 21,22,23 പ്രകാരം സർവ്വകലാശാല ഒരു അഭിഭാഷകനെ സ്റ്റാൻഡിംഗ് കൌൺസിലായി നിയമിക്കേണ്ടതാണ് എന്നും ടിയാളുടെ സേവന-വേതന വ്യവസ്ഥകൾ സിൻഡിക്കേറ്റ് തീരുമാനിക്കേണ്ടതും സേവന-വേതന വ്യവസ്ഥകൾ ബാധകമാക്കി കൊണ്ടും സ്റ്റാൻഡിംഗ് കൌൺസിലിന്റെ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും നിശ്ചയിച്ചും പ്രസ്തുത അഭിഭാഷകനുമായി സിൻഡിക്കേറ്റ് കരാറിൽ ഏർപ്പെടേണ്ടതുമാണ് എന്നും നിഷ്കർഷിക്കുന്നു.

സർവ്വകലാശാല ഉത്തരവ് KTU/A/58/2015 Dtd.06/03/2019 പ്രകാരം അഡ്വ. എൽവിൻ പീറ്റർ സർവ്വകലാശാല സ്റ്റാൻഡിംഗ് കൌൺസിലായി നിയമിക്കപ്പെട്ടിട്ടുള്ളതും KTU/A/58/2015 Dtd.31/08/2019 പ്രകാരം വേതന വ്യവസ്ഥകൾ അംഗീകരിച്ചു നൽകിയിട്ടുള്ളതുമാണ്. എന്നാൽ അഡ്വ. എൽവിൻ പീറ്ററുമായി ഏർപ്പെട്ട കരാർ ഫയലിൽ ലഭ്യമല്ല. കരാർ വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് 21-06-2022 തീയതിയായി നൽകിയ ഓഡിറ്റ് എൻക്വയറി നം. 14-ന് മറുപടി ലഭ്യമാക്കിയില്ല.

സ്റ്റാറ്റ്യൂട്ട് അദ്ധ്യായം 7 ഭാഗം VII 23, ഇപ്രകാരം നിയമിക്കപ്പെട്ട സ്റ്റാൻഡിംഗ് കൌൺസിൽ അദ്ധ്യായന വർഷം ആരംഭിച്ച് ഓരോ ആറ് മാസം കൂടുമ്പോഴും വിവിധ കോടതികളിലും ജുഡീഷ്യൽ ഫോറങ്ങളിലും നടത്തിയ നിയമ വ്യവഹാരങ്ങൾ, അവയുടെ തൽസ്ഥിതി, ഓരോ വ്യവഹാരത്തിനും സർവ്വകലാശാലയ്ക്ക് ചെലവായ തുകകൾ തുടങ്ങിയവ അടങ്ങിയ സിൻഡിക്കേറ്റ് അംഗീകരിച്ച മാതൃകയിൽ ഒരു റിപ്പോർട്ട് സിൻഡിക്കേറ്റിന് സമർപ്പിക്കേണ്ടതാണെന്നും സിൻഡിക്കേറ്റിന്റെ അഭിപ്രായത്തോടു കൂടി റിപ്പോർട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പിൽ സമർപ്പിക്കേണ്ടതാണ് എന്നും നിഷ്കർഷിക്കുന്നു. സ്റ്റാറ്റ്യൂട്ട് നിഷ്കർഷിക്കും പ്രകാരം സർവ്വകലാശാല സ്റ്റാൻഡിംഗ് കൌൺസിൽ, സിൻഡിക്കേറ്റിന് വർഷാവർഷം സമർപ്പിച്ചിട്ടുള്ള പ്രസ്തുത റിപ്പോർട്ടുകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 2 തീയതി 6-12-2022 നും മറുപടി ലഭ്യമാക്കിയിട്ടില്ല.

ടി സാഹചര്യത്തിൽ സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് നിഷ്കർഷിക്കും വിധം സ്റ്റാൻഡിംഗ് കൌൺസിലുമായി അടിയന്തിരമായി കരാറിൽ ഏർപ്പെടുകയും സ്റ്റാറ്റ്യൂട്ട് അദ്ധ്യായം 7 ഭാഗം VII 23 നിഷ്കർഷിക്കും വിധം റിപ്പോർട്ട് സിൻഡിക്കേറ്റിന് സമർപ്പിക്കേണ്ടതും, വിവരങ്ങൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ സർവ്വകലാശാല സ്വീകരിക്കേണ്ടതാണ്.

## 1-6 സർക്കാർ ഉത്തരവ് പ്രകാരം സേവന നിരക്കുകളിൽ വർദ്ധനവ് വരുത്തിയില്ല-സർവ്വകലാശാലയ്ക്ക് വരുമാന നഷ്ടം

08.03.2019-ലെ 28/2019/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തല വികസനത്തിനും സാമ്പത്തിക സുസ്ഥിരതയ്ക്കും നികുതിയേതര വരുമാനത്തിൽ വർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ സർക്കാർ വകുപ്പുകൾ/പൊതുമേഖല/ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ എന്നിവ മുഖേനയുള്ള എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ/ ചാർജ്ജുകൾ എന്നിവയിൽ 01.04.2019- മുതൽ 5% വർദ്ധനവ് വരുത്തിയിരുന്നു. അതനുസരിച്ച്, ധനകാര്യ(ആർ.എം.സി) വകുപ്പിന്റെ 12/03/2019 ലെ 1093697/ആർ.എം.സി1/5/2019 ധന.നമ്പർ കത്ത് പ്രകാരം സർവ്വകലാശാലയുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങൾക്കുമുള്ള ഫീസുകൾ/ചാർജ്ജുകൾ എന്നിവയിൽ 01/04/2019 പ്രാബല്യത്തിൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തുന്നതിന് നിർദ്ദേശിച്ചിരുന്നു. എന്നാൽ രേഖകൾ പരിശോധിച്ചതിൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള ഫീസുകൾ/ചാർജ്ജുകളുടെ വർദ്ധനവ് 2019-20 സാമ്പത്തിക വർഷം നടപ്പാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.36/2019-20 തീ.16/09/2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശാനുസരണം ഫീസുകൾ/ചാർജ്ജുകളുടെ നിരക്കിൽ വർദ്ധനവ് വരുത്താത്തതിനാൽ സർവ്വകലാശാലയ്ക്ക് 2019-20 സാമ്പത്തിക വർഷം വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം സേവന നിരക്കുകളിൽ വർദ്ധനവ് നടപ്പാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിന്മേൽ സർവ്വകലാശാല അധികാരികളുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-7 രജിസ്റ്ററുകളുടെ പരിപാലനം

സർവ്വകലാശാലയിലെ വിവിധ ആവശ്യങ്ങൾക്കായി പരിപാലിക്കുന്ന രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1. സ്യൂട്ട് രജിസ്റ്റർ

തൻവർഷത്തെ വാർഷിക കണക്കുകൾ പ്രകാരം ലീഗൽ എക്സ്പെൻസസ് ഇനത്തിൽ 16,21,844/- രൂപ ചെലവുണ്ട്. എന്നാൽ കേസ്സുകൾ സംബന്ധിച്ച രേഖകൾ/ഫയലുകൾ, സ്യൂട്ട് രജിസ്റ്റർ ഇവയൊന്നും പരിശോധനയ്ക്കു ലഭ്യമാക്കിയില്ല. ലീഗൽ

എക്സ്പെൻസസുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിന് 33/14-09-2022 നമ്പരായി അന്വേഷണക്കുറിപ്പ് നല്കിയെങ്കിലും മറുപടി ലഭ്യമായില്ല. സർവ്വകലാശാലയുമായി ബന്ധപ്പെട്ട കേസ്സുകളുടെ നടത്തിപ്പിനായി ഭീമമായ തുക ചെലവഴിക്കുന്ന സാഹചര്യത്തിൽ കേസ്സിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് സ്യൂട്ട് രജിസ്റ്റർ അടിയന്തിരമായി പരിപാലിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

2. മുൻകൂർ രജിസ്റ്റർ

തൻവർഷം വിവിധ ആവശ്യങ്ങൾക്കായി അനുവദിച്ച നല്കിയ മുൻകൂറുകളുടെ ക്രമീകരണം പരിശോധിക്കുന്നതിനായി 34/15-09-2022 നമ്പരായി മുൻകൂർ രജിസ്റ്ററും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ടുവെങ്കിലും ആയത് പരിശോധനയ്ക്ക് ഹാജരാക്കായില്ല. മുൻകൂർ രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3. ആസ്തി രജിസ്റ്റർ

സർവ്വകലാശാലയുടെ അധീനതയിലുള്ള വിവിധ ആസ്തികൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനായി ഒരു ആസ്തി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. ആസ്തി രജിസ്റ്റർ ആവശ്യപ്പെട്ട് 26/04-08-22 നമ്പരായി ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആസ്തി രജിസ്റ്റർ കാലാകാലങ്ങളിൽ കാലികമാക്കി ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-8 കോളേജുകളിലെ ഇ-ഗ്രാന്റ് അക്കൌണ്ട് പരിപാലനം തൃപ്തികരമല്ല

2019-20 സാമ്പത്തിക വർഷം സർവ്വകലാശാലയ്ക്ക് ലഭിക്കാനുള്ള വിവിധ ഫീസിനങ്ങളിലെ ഇ-ഗവേണൻസ് പോർട്ടൽ പ്രകാരമുള്ള കടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കടിശ്ശിക ( DATA AS ON 14/06/2022) | | | | | | |
|---|---|---|---|---|---|---|
| നം. | ഫീസ് ഇനം | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 |
| 1 | അഫിലിയേഷൻ ഫീ | - | - | 16575000 | 550000 | 14130000 |
| 2 | ഇൻസ്റ്റിറ്റ്യൂഷൻ രജിസ്ട്രേഷൻ ഫീ | 479996 | - | - | - | 10000 |
| 3 | അഫിലിയേഷൻ റിക്വസ്റ്റ് ഫീ | 150000 | 100000 | 100000 | 200000 | - |
| 4 | പെനാൽറ്റി | - | 5000 | - | - | - |
| 5 | സ്റ്റുഡന്റ് അഡ്മിനിസ്ട്രേഷൻ ഫീ | - | 24000 | 92000 | 201000 | 1011000 |
| 6 | സ്റ്റുഡന്റ് എക്സാമിനേഷൻ ഫീ | - | 398805 | 1381725 | 1676140 | 7169020 |
| 7 | റീവാല്യൂവേഷൻ രജിസ്ട്രേഷൻ ഫീ. | - | - | 600 | 404400 | 38400 |
| 8 | കോളേജ് ട്രാൻസ്ഫർ ജോയിൻ ഫീ | - | - | - | 54000 | 9000 |

| | | | | | | |
|---|---|---|---|---|---|---|
| 9 | പി.എച്ച്.ഡി സെമസ്റ്റർ ഫീ | - | 4000 | 36000 | 184000 | 620000 |
| 10 | പി.എച്ച്.ഡി തിസിസ് ഫീ | 30000 | - | 15000 | 15000 | - |
| 11 | സ്പോർട്സ് ഫീ | 2450 | 350 | 657650 | 2112950 | 2430050 |
| 12 | ഇൻസ്പെക്ഷൻ ഫീ | - | - | - | - | 100000 |
| 13 | ഫാക്കൽറ്റി ട്രയിനിംഗ് ഫീ | 8550000 | - | - | - | - |
| | ആകെ | 9185446 | 532155 | 18857975 | 5397490 | 25517470 |

2018-19 വർഷത്തിലും വിവിധ ഫീസിനങ്ങളിലായി സർവ്വകലാശാലയ്ക്ക് Rs.6780155/- (Data as on 2/2/2022) കുടിശ്ശികയുണ്ടായിരുന്നു. ഇതിൽ വലിയ ഭാഗവും ഇ-ഗ്രാന്റ് ഇനത്തിലുള്ളതാണെന്ന് കൺട്രോളർ ഓഫ് എക്സാമിനേഷൻ അറിയിച്ചിട്ടുണ്ട്. കോളേജ് ഓഫ് എൻജിനിയറിംഗ്, പെരുമൺ, യു.കെ.എഫ് കോളേജ് ഓഫ് എൻജിനിയറിംഗ്, പാരിപ്പള്ളി, ടി.കെ.എം കോളേജ് ഓഫ് എൻജിനിയറിംഗ്, കൊല്ലം, സി.ഇ.റ്റി, തിരുവനന്തപുരം എന്നീ നാല് കോളേജുകളിൽ ഭൌതികപരിശോധന നടത്തിയതിൽ ഇ-ഗ്രാന്റ് അക്കൌണ്ട് പരിപാലനവുമായി ബന്ധപ്പെട്ട് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സർവ്വകലാശാലയിൽ നിന്നും കോളേജുകൾക്ക് നൽകുന്നില്ലായെന്ന് ബോധ്യപ്പെട്ടു.

ഇ-ഗ്രാന്റ് ഒഴികെയുള്ള ഫീസ് തുകകളും കൃത്യസമയത്ത് ഒടുക്കാതെ കോളേജ് അക്കൌണ്ടുകളിൽ അവശേഷിക്കുന്നു. സർവ്വകലാശാലയ്ക്ക് ലഭിക്കാനുള്ള ഫീസിനങ്ങൾ കാലതാമസം കൂടാതെ അടവാക്കാൻ ബന്ധപ്പെട്ട കോളേജുകൾക്ക് നിർദ്ദേശം നൽകേണ്ടതും ലഭ്യമാകേണ്ട ഫീസിനങ്ങളുടെ യഥാർത്ഥ കണക്ക് പോർട്ടലിൽ നിന്നും ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇ-ഗവേണൻസ് പോർട്ടലിലെ കണക്കുകൾ കോളേജുകൾ സൂക്ഷിക്കുന്ന കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-9 CERD - രൂപീകരണ ലക്ഷ്യം നേടുന്നില്ല – പ്രവർത്തനത്തിൽ മേൽനോട്ടക്കുറവ്

സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളെജുകളുടെ ഗവേഷണ പ്രവർത്തനങ്ങൾ ഉത്തേജിപ്പിക്കുന്നതിനായി ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ 04.07.2009-ലെ സ.ഉ(കൈ)നം.79/H.Edn. നമ്പർ ഉത്തരവ് പ്രകാരം സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡവലപ്മെന്റ് (CERD) എന്ന സെന്റർ രൂപീകൃതമായി. 1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് 1955 പ്രകാരം രജിസ്റ്റർ ചെയ്ത് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനുള്ളിൽ പ്രവർത്തിച്ചുവന്ന സ്ഥാപനത്തെ കേരള സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ രൂപീകരണത്തോടെ സർവ്വകലാശാലയിൽ ലയിപ്പിച്ചു. (കേരള സാങ്കേതിക ശാസ്ത്ര സർവ്വകലാശാല നിയമം വകുപ്പ് 73). CERD-ന്റെ രൂപീകരണ ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു (ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 04.07.2009-ലെ സ.ഉ(എം.എസ്.)നം.79/2009/ഉ.വി.വ.).

1. എഞ്ചിനീയറിംഗ് കോളേജുകളിലെ ഫാക്കൽറ്റികൾക്കിടയിൽ ഗവേഷണത്തിന് ബൗദ്ധികവും സജീവവുമായ അന്തരീക്ഷം സൃഷ്ടിക്കുക.

2. ഉയർന്ന നിലവാരമുള്ള എഞ്ചിനീയറിംഗ് ബിരുദധാരികളെ സൃഷ്ടിക്കാൻ പ്രാപ്തമാക്കുക.

3. ഗവേഷണത്തിന്റെയും കൺസൾട്ടൻസി പ്രവർത്തനങ്ങളുടെയും എണ്ണം വർദ്ധിപ്പിച്ച് CERD-ന്റെ തനത് വരുമാനം വർദ്ധിപ്പിക്കുക.

2019-20 സാമ്പത്തിക വർഷത്തെ CERD-ന്റെ പ്രവർത്തനം വിലയിരുത്തിയതിൽ രൂപീകരണ ലക്ഷ്യത്തിന് അനുസൃതമായി പ്രവർത്തിക്കുന്നതിന് CERD-ന് കഴിഞ്ഞിട്ടില്ല എന്ന് വിലയിരുത്തുന്നു. പ്രവർത്തനത്തിലെ പ്രധാന പോരായ്മകൾ ചുവടെ ചേർക്കുന്നു.

## 1-9-1 CERD – സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച – ഫണ്ട് ലഭിച്ചില്ല.

2019-20 സാമ്പത്തിക വർഷം CERD-ന്റെ പ്രവർത്തനങ്ങൾക്കായി സർവ്വകലാശാല സമർപ്പിച്ച 2.5 കോടിയുടെ പ്ലാൻ ഫണ്ട് പ്രൊപ്പോസലിന് 10.07.2019-ലെ സ.ഉ.(കൈ)1179/2019/HEDN പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

02.03.2020-ന് വിദ്യാഭ്യാസ സബ്കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ഖ.57-ൽ CERD- ഗവേഷണ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക(2.5കോടി) അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തിട്ടുണ്ട്. ഇതിന്മേൽ സർവ്വകലാശാല സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ 09.06.2022-ലെ ഓഡിറ്റ് അന്വേഷണം നം.6-ന് മറുപടി ലഭിച്ചിട്ടില്ല. 2019-20 സാമ്പത്തിക വർഷം ഈ ഇനത്തിൽ തുകയൊന്നും തന്നെ ലഭിച്ചിട്ടില്ല. യഥാ സമയം തുടർനടപടി സ്വീകരിക്കാതെ, സർക്കാർ ഫണ്ട് നഷ്ടപ്പെടുത്തുന്നത് സർവ്വകലാശാലയുടെ താല്പര്യത്തിന് വിരുദ്ധമാണ്.

2019-20 സാമ്പത്തിക വർഷം 2.5 കോടി രൂപയാണ് സർക്കാർ CERD-നായി വകയിരുത്തിയിരുന്നത്. എന്നാൽ, 2019-20 സാമ്പത്തിക വർഷം 80 ലക്ഷം രൂപ മാത്രമാണ് CERD പ്രവർത്തനങ്ങൾക്കായി പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുള്ളത്. ഭരണാനുമതി ലഭിച്ച ശേഷിച്ച തുക ലഭ്യമാക്കുന്നതിന് സർവ്വകലാശാല സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ 09.06.2022-ലെ ഓഡിറ്റ് അന്വേഷണം നം.6-ന് മറുപടി ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ, ബാക്കി ഗ്രാന്റ് തുക നേടിയെടുക്കുന്നതിന് സർവ്വകലാശാല നടപടി സ്വീകരിച്ചിട്ടില്ല. ബജറ്റ് വകയിരുത്തൽ പ്രകാരമുള്ള തുക സർക്കാരിൽ നിന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയോ CERD രൂപീകരണ വേളയിൽ നൽകിയിരുന്ന സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം (ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 04.07.2009-ലെ സ.ഉ(എം.എസ്.)നം.79/2009 /ഉ.വി.വ.) തനത് ഫണ്ട് കണ്ടെത്തുകയോ ചെയ്ത് പ്രവർത്തിക്കുന്നതിന് പകരം, മറ്റ് ഫണ്ടുകളിൽ നിന്ന് CERD-നായി തുക ചെലവ് ചെയ്യുന്നത് അംഗീകരിക്കാവുന്നതല്ല. റിസർച്ച് കൌൺസിലിന്റെയും സർവ്വകലാശാല അധികാര സ്ഥാനങ്ങളുടെയും സവിശേഷ ശ്രദ്ധ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

### 1-9-2 CERD – പ്ലാൻ പ്രൊപ്പോസലുകൾ നടപ്പിൽ വരുത്തുന്നില്ല

2019-20 സാമ്പത്തിക വർഷം CERD-ന്റെ പ്രവർത്തനങ്ങൾക്കായി സമർപ്പിച്ച പ്ലാൻ പ്രൊപ്പോസലിന് 28.05.2019-ലെ വർക്കിംഗ് ഗ്രൂപ്പിൽ അംഗീകാരം ലഭിച്ചതിനെ തുടർന്ന് 10.07.2019-ലെ സ.ഉ.(സാ.ധാ.)1179/2019/ഉ.വി.വ. ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിച്ച തുക, യഥാർത്ഥ ചെലവ് എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെലവിനം | ഭരണാനുമതി ലഭിച്ച തുക (ലക്ഷത്തിൽ) | ചെലവ് തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | കോളെജുകളിൽ workshop/seminar എന്നിവ സംഘടിപ്പിക്കുന്നതിന് | 2.40 | 0 |
| 2 | ഗവേഷണ പ്രവർത്തനങ്ങൾക്ക് ഇൻസെന്റീവ് | 2 | 0.4 |
| 3 | ഇന്നൊവേറ്റീവ് സ്റ്റുഡന്റ് പ്രോജക്റ്റ് | 25 | 7.7350 |
| 4 | ഗവേഷണ പ്രബന്ധം അവതരണം (ഇൻഡ്യയിൽ) | 1.6 | 0.35 |
| | ഗവേഷണ പ്രബന്ധം അവതരണം (വിദേശത്ത്) | 4.5 | 3.5 |
| 5 | റിസർച്ച് സീഡ് മണി | 50 | 1.5 |
| 6 | KTU Tech Fest | 10 | 0 |
| 7 | റിസർച്ച് ഫെല്ലോഷിപ്പ് | 115.2 | 115.2 |
| 8 | ബെസ്റ്റ് റിസർച്ചർ അവാർഡ് ( റിസർച്ച് ഗ്രാന്റ്) | 15 | 0 |
| 9 | ബെസ്റ്റ് റിസർച്ചർ അവാർഡ് | 0.5 | 0 |
| 10 | റിസർച്ച് പ്രൊമോഷൻ പ്രവർത്തനങ്ങൾ | 7.8 | 1.8 |
| 11 | ജീവനക്കാരുടെ ശമ്പളം- മീറ്റിംഗുകൾ | 12 | 0 |
| 12 | ഓഫീസ്, സാറ്റലൈറ്റ് സെന്റർ ചെലവുകൾ | 4 | 0.430 |
| | ആകെ | 250 | 130.915 |

2019-20 സാമ്പത്തിക വർഷത്തെ CERD- Plan Fund ചെലവ് വിവരങ്ങൾ പരിശോധിച്ചതിൽ, ഭരണാനുമതി ലഭിച്ച പ്ലാൻ പ്രൊപ്പോസലുകൾ നാമമാത്രമായി നടപ്പിൽ വരുത്തുകയും ക്രമ നമ്പർ 1,6,9,11 എന്നിവയിൽ ഉൾപ്പെട്ട പ്ലാൻ പ്രൊപ്പോസലുകൾ നടപ്പിൽ വരുത്താതിരിക്കുകയും ആണ് ചെയ്തിട്ടുള്ളത്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം28/19.08.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്ലാൻ പ്രൊപ്പോസലുകൾ നടപ്പിൽ വരുത്താത്തതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടത് അനിവാര്യമാകയാൽ വിഷയത്തിൽ സർവ്വകലാശാല അധികാര സ്ഥാനങ്ങളുടെ പ്രത്യേകിച്ച് റിസർച്ച് കൌൺസിലിന്റെയും, ഡീൻ(റിസർച്ച്)-ന്റെയും അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

CERD- രൂപീകരണ ഉത്തരവ് (ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 04.07.2009-ലെ സ.ഉ(എം.എസ്.)നം.79/2009/ഉ.വി.വ.) പ്രകാരം CERD രൂപീകരണം പൂർത്തിയാകുന്ന മുറയ്ക്ക് കൺസൾട്ടൻസി ചാർജ്ജുകൾ, പ്രധാന പ്രോജക്ടുകളിൽ നിന്നുള്ള ഓവർഹെഡ് ചാർജ്ജുകൾ എന്നിവയിലൂടെ ലഭിക്കുന്ന വരുമാനം എന്നിവ അടിസ്ഥാനമാക്കി CERD കേന്ദ്രം പ്രവർത്തനം തുടരേണ്ടതാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും 2019-20 സാമ്പത്തിക വർഷവും സർക്കാർ ഗ്രാന്റ് അടിസ്ഥാനമാക്കിയാണ് CERD പ്രവർത്തിച്ചിട്ടുള്ളത്. സർക്കാർ ഗ്രാന്റിനെ ആശ്രയിച്ച് പ്രവർത്തിക്കുന്നത് ഒഴിവാക്കി, CERD രൂപീകരണ ലക്ഷ്യം നേടുന്നതിനും സ്വയം പര്യാപ്തമായി പ്രവർത്തിക്കുന്നതിനും ലക്ഷ്യമിട്ട് പ്രവർത്തനങ്ങളും പദ്ധതി രൂപീകരണവും സർവ്വകലാശാല ഗവേഷണ വിഭാഗത്തിൽ നിന്ന് ഉണ്ടാകേണ്ടതുണ്ട്. ഈ വിഷയത്തിലെ തുടർ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സമയബന്ധിതമായ മേൽനോട്ടവും നിയന്ത്രണ സംവിധാനങ്ങളും ഉണ്ടാകുന്നതിന് സർവ്വകലാശാല അധികാരസ്ഥാനങ്ങളുടെ ഇടപെടൽ അനിവാര്യമാണ്.

### 1-9-3 CERD - ഗ്രാന്റ് ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

2019-20 സാമ്പത്തിക വർഷത്തെ വാർഷികകണക്കുകൾ പരിശോധിച്ചതിൽ, തൻ വർഷം സർക്കാർ ഗ്രാന്റായി ലഭിച്ച 80,00,000/- രൂപയും മുൻ വർഷത്തെ റിസർച്ച് സീഡ് മണി ഇനത്തിൽ കോളേജ് അദ്ധ്യാപകർക്ക് അനുവദിച്ച തുകയിൽ ചെലവഴിച്ചതിന് ശേഷമുള്ള തുകയുടെ റീഫണ്ട് ഇനത്തിൽ ലഭിച്ച 29,82,000/- രൂപയും ചേർത്ത് ആകെ 1,09,82,000/- രൂപയാണ് CERD-ന് വരവായി ലഭിച്ചിട്ടുള്ളത്. എന്നാൽ (Receipt & Payment statement പ്രകാരം) തൻവർഷത്തെ CERD ഗ്രാന്റ് ചെലവ് 1,11,73,217/- രൂപയാണ്. ഈ വിഷയത്തിൽ വിശദീകരണവും സർക്കാർ ഗ്രാന്റിൽ നിന്നുള്ള ചെലവ്, മറ്റ് ഗ്രാന്റിൽ നിന്നുള്ള ചെലവ് എന്നിവയുടെ പട്ടിക തിരിച്ചുള്ള വിവരവും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.03/07.06.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്ലാൻ സ്പെയ്സിൽ നിന്നുള്ള പ്ലാൻ ഫണ്ട് ചെലവ് വിവരങ്ങൾ പ്രകാരം CERD-ന് ഗ്രാന്റിൽ നിന്നുള്ള ചെലവ് 1.3092 കോടി രൂപയാണ്. ഗ്രാന്റിൽ നിന്നുള്ള യഥാർത്ഥ ചെലവ് വിവരങ്ങൾ യഥാസമയം നിരീക്ഷിക്കുന്നതിനോ അക്കൗണ്ട് ചെയ്യുന്നതിനോ CERD വിഭാഗം ശ്രദ്ധ ചെലുത്തിയതായി കാണുന്നില്ല. 2019-20 സാമ്പത്തിക വർഷം, CERD-ന് തനത് വരുമാനം ഇല്ലാത്തതിനാൽ സർവ്വകലാശാല ഫണ്ടിൽ നിന്ന് ചെലവ് ചെയ്ത തുക കണ്ടെത്തുന്നതിനും തുക റീക്കൂപ്പ് ചെയ്യുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-9-4 ടെക്ഫെസ്റ്റ് 2020- നടപ്പിലാക്കിയില്ല -തുക (3,92,000/-) നിഷ്ഫലം

2019-20 സാമ്പത്തിക വർഷം CERD-ന്റെ പ്രവർത്തനങ്ങൾക്കായി സമർപ്പിച്ച പ്ലാൻ പ്രൊപ്പോസലിന് 28.05.2019-ലെ വർക്കിംഗ് ഗ്രൂപ്പിൽ അംഗീകാരം ലഭിച്ചതിനെ തുടർന്ന് 10.07.2019-ലെ സ.ഉ.(സാ.ധാ.)1179/2019/ഉ.വി.വ. ഉത്തരവ് പ്രകാരം എഞ്ചിനീയറിംഗ് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് നടത്തുന്ന വാർഷിക ടെക്ഫെസ്റ്റായ, KTU TechFest-ന് 10 ലക്ഷം രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 2020 ടെക്ഫെസ്റ്റുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 2020 വർഷത്തെ KTU TechFest-ന് Plan Fund-ൽ നിന്ന് തുക ചെലവ് ചെയ്യുന്നതിന് പകരം CERD പ്രവർത്തനങ്ങൾക്കായി പരിപാലിക്കുന്ന 67310822591നമ്പർ എസ്.ബി.ഐ അക്കൌണ്ടിൽ നിന്ന് 05.03.2020ന് 10 ലക്ഷം രൂപ TechFest നടത്തുന്നതിനായി തിരുവനന്തപുരം ഗവ. എഞ്ചിനീയറിംഗ് കോളെജിന് അനുവദിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ നിന്ന് തുക ചെലവഴിക്കാത്തതിന് കാരണം വ്യക്തമല്ല.

2. CERDന് തനത് വരുമാനം ഇല്ലാത്തതിനാൽ, KTU TechFest-ന് ചെലവഴിച്ച തുകയുടെ വരവിന്റെ സ്രോതസ്സ് വ്യക്തമല്ല.

3. 67310822591 നമ്പർ എസ്.ബി.ഐ അക്കൌണ്ടിൽ നിന്ന് 2020 വർഷത്തെ KTU TechFestന് ചെലവ് ചെയ്ത തുകയുടെ ചെലവ് രേഖകൾ ആവശ്യപ്പെട്ടിട്ടും സർവ്വകലാശാല ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകങ്ങളിന്മേൽ മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.30/22.08.2022ന് കോവിഡിന്റെ പ്രതിസന്ധി മൂലം ലോക്ക്ഡൌൺ മാർച്ച് മുതൽ പ്രഖ്യാപിച്ചതിനാൽ ടെക്ഫെസ്റ്റ് നടത്തുവാൻ സാധിച്ചില്ല എന്ന് സർവ്വകലാശാല ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിരിക്കുന്നു. സർവ്വകലാശാലയ്ക്ക് കീഴിലെ വിവിധ കോളെജുകളിലെ വിദ്യാർത്ഥികളുടെ നൂതനാശയങ്ങളുടെ ആവിഷ്കാരത്തിനും വിവിധ കോളേജുകളിലെ വിദ്യാർത്ഥികളുടെ ആശയസംവേദനത്തിനും ഉതകുന്നതിനായി CERD-ന്റെ രൂപീകരണ ലക്ഷ്യങ്ങളിലൊന്നായ TECHFEST സംഘടിപ്പിക്കുന്നതിൽ ആവശ്യമായ ശ്രദ്ധയും സമയബന്ധിതമായ നടപടിയും സർവ്വകലാശാലയുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടില്ല.
TECHFEST- ൽ വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് prize money നൽകുന്നതിനായി Nissan India Digital, 8 ലക്ഷം രൂപ അനുവദിക്കുയും പകുതി തുകയായ 4 ലക്ഷം രൂപയിൽ TDS കഴിച്ചുള്ള 3,92,000/-രൂപ സർവ്വകലാശാല അക്കൌണ്ടിൽ(67310822591നമ്പർ എസ്.ബി.ഐ അക്കൌണ്ടിൽ) ക്രെഡിറ്റ് ചെയ്യുകയും ചെയ്തിരുന്നു. TECHFEST സംഘടിപ്പിക്കാതിരുന്ന സാഹചര്യത്തിൽ, 2020-21-ൽ പ്രസ്തുത തുക Nissan India Digital-ന് തിരികെ നൽകുകയുണ്ടായി. വിദ്യാർത്ഥികൾക്ക് പ്രയോജനകരമാകുന്ന തരത്തിൽ തുക വിനിയോഗിക്കുന്നതിന് സർവ്വകലാശാലയ്ക്ക് കഴിഞ്ഞിട്ടില്ല. മാത്രമല്ല, സർവ്വകലാശാലയുടെ ഭാഗത്തു നിന്നുള്ള വീഴ്ച കാരണം തുക നഷ്ടപ്പെടുന്നതിനും ഇടയായി. ടെക്ക്ഫെസ്റ്റുമായി ബന്ധപ്പട്ട അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-10 സർവ്വകലാശാലയ്ക്ക് കീഴിലെ ഗവേഷക വിദ്യാർത്ഥികളുടെ ഗവേഷണ പ്രവർത്തനങ്ങൾ - നടപടിക്രമങ്ങളിലെ വീഴ്ചകൾ

സർവ്വകലാശാലയ്ക്ക കീഴിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികളുടെ ഗവേഷണ പ്രവർത്തനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സർവ്വകലാശാല ഗവേഷണ മാന്വൽ ഖ:17 പ്രകാരം ഗവേഷണം പൂർത്തിയാക്കി പ്രബന്ധം സമർപ്പിക്കുന്നതിനുള്ള സമയപരിധി പ്രവേശന തീയതി (ആദ്യ സെമസ്റ്റർ ഫീസ് ഒടുക്കുന്ന തീയതി) മുതൽ 30 മാസമായാണ് നിശ്ചയിച്ചിട്ടുള്ളത്. വിവിധ കാരണങ്ങളാൽ ദീർഘിപ്പിച്ചു നൽകുന്ന സമയം ഉൾപ്പെടെ ഗവേഷണം പൂർത്തിയാക്കുന്നതിന് അനുവദിച്ചിട്ടുള്ള സമയം 5 വർഷമാണ്. എന്നാൽ സർവ്വകലാശാലയുടെ പോർട്ടൽ പ്രകാരം 5 വർഷ കാലപരിധി കഴിഞ്ഞ ഗവേഷണ വിദ്യാർത്ഥികൾ നിലവിലും ഗവേഷണം പൂർത്തിയാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗവേഷണ വിദ്യാർത്ഥി | ഗവേഷണ വിദ്യാർത്ഥിയായി രജിസ്റ്റർ ചെയ്ത തീയതി | KTU പോർട്ടൽ പ്രകാരം ഗവേഷണം പൂർത്തിയാക്കേണ്ട തീയതി | ഗവേഷണ മാന്വൽ പ്രകാരം പൂർത്തികരണ തീയതി | ഗവേഷണ മാന്വൽ പ്രകാരം പരമാവധി പൂർത്തീകരണ തീയതി |
|---|---|---|---|---|---|
| 1 | Kiran Susan Pavu | 03.11.2016 | 2022-23 | 27.04.2019 | 02.11.2021 |

| | | | | | |
|---|---|---|---|---|---|
| 2 | Rijo Rajan | 10.06.2016 | 2022-23 | 09.12.2018 | 09.06.2021 |
| 3 | Deepa C A | 20.12.2016 | 2022-23 | 10.05.2019 | 19.12.2021 |

മേൽ ഗവേഷക വിദ്യാർത്ഥികളുടെ ഗവേഷണ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 27/10.08.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2. സർവ്വകലാശാല പോർട്ടൽ പ്രകാരം ഗവേഷണം പൂർത്തീകരിക്കുന്നതിനുള്ള കാലപരിധി 6 വർഷമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിന് ആധാരമായ ഉത്തരവ്/ രേഖകൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 27/10.08.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

3. 2019-20 സാമ്പത്തിക വർഷം ഗവേഷണ വിദ്യാർത്ഥികൾക്കനുവദിച്ച സ്കോളർഷിപ്പ് വിവരങ്ങൾ പരിശോധിച്ചതിൽ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് തുക അതത് കോളേജ് പ്രൻസിപ്പാൾമാർക്ക് മുൻകൂറായി, ഒരുമിച്ചുള്ള തുക (bulk amount) ആയി അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ തുക അനുവദിക്കുന്നതിന് ആധാരമായ ഉത്തരവ്/ തീരുമാനത്തിന്റെ പകർപ്പ് എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 27/10.08.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ ഉത്തരവോ മാർഗ്ഗനിർദ്ദേശമോ നിലവിലില്ലെങ്കിൽ, ഇത്തരത്തിൽ തുക വിതരണം ചെയ്യാനിടയായതിന്മേൽ പരിശോധന നടത്തേണ്ടതും തുടർനടപടി കൈക്കൊള്ളേണ്ടതാണ്.

4. ഗവേഷണ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് തുക അതത് പ്രിൻസിപ്പാൾ വിതരണം ചെയ്തതിന്റെ ചെലവ് രേഖകൾ/സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 27/10.08.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതിൽ നിന്നും ഈ വിഷയത്തിൽ സർവ്വകലാശാല തുടർപരിശോധന, മേൽനോട്ടം(monitoring) എന്നിവ നിർവ്വഹിക്കുന്നില്ല എന്ന് വ്യക്തമാകുന്നു. വിഷയത്തിന്മേൽ ആവശ്യമായ തുടർ നടപടികൾക്കായി സർവ്വകലാശാല റിസർച്ച് കൌൺസിലിന്റെയും മറ്റ് അധികാര സ്ഥാനങ്ങളുടെയും ശ്രദ്ധ ക്ഷണിക്കുന്നു. 2019-20 സാമ്പത്തിക വർഷം വിതരണം ചെയ്ത 1.1152 കോടി രൂപയുടെ ചെലവ് രേഖകൾ അതത് കോളേജ് പ്രിൻസിപ്പാൾമാരിൽ നിന്ന് ലഭ്യമാക്കി ഓഡിറ്റിന്റെ പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണ്.

5. പ്രത്യേക ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിലൊഴികെയുള്ള വിഷയങ്ങളിൽ, സർവ്വകലാശാലയ്ക്ക് കീഴിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾ, ഗവേഷണം പൂർത്തിയാക്കി പ്രബന്ധം സമർപ്പിക്കുന്നതിന് ഗവേഷണ മാന്വൽ ഖ:17 പ്രകാരം നിഷ്കർഷിക്കുന്ന പ്രവേശന തീയതി (ആദ്യ സെമസ്റ്റർ ഫീസ് ഒടുക്കുന്ന തീയതി) മുതൽ 30 മാസം എന്ന സമയപരിധി പാലിക്കുന്നുവെന്ന് ഉറപ്പാക്കാൻ സർവ്വകലാശാല നടപടി സ്വീകരിക്കേണ്ടതുണ്ട്.

6. ഗവേഷണ വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ Contingency charge ആയി 20,000/- രൂപ അനുവദിക്കുന്നുണ്ട്. Contingency charges ആയി തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമല്ല. ഉദാ. 31.12.2018ന് ഗവേഷണത്തിന് രജിസ്റ്റർ ചെയ്ത ശ്രീ. അഫ്ഷർ പി.എ.യ്ക്ക് 31.12.2018 മുതൽ 31.03.2019 വരെ അനുവദിച്ച ഗവേഷണ സ്കോളർഷിപ്പിനൊപ്പം ഒരു വർഷത്തെ കണ്ടിജൻസി ചാർജ്ജ് തുകയായ 20,000/- രൂപ അനുവദിച്ചിട്ടുണ്ട്. 11/2018ന് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥിക്ക് 09.11.2019 മുതൽ 31.03.2020 വരെ അനുവദിച്ച സ്കോളർഷിപ്പിനൊപ്പം കണ്ടിജന്റ് തുക അനുവദിച്ചിട്ടുണ്ട്. 10.06.2016 ന് രജിസ്റ്റർ ചെയ്ത ശ്രീ. റിജോ രാജന് ഏപ്രിൽ 19 മുതൽ ജൂൺ19 വരെ അനുവദിച്ച സ്കോളർഷിപ്പിനൊപ്പം ഒരു വർഷത്തെ കണ്ടിജൻസി ചാർജ്ജ് അനുവദിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം നം. 27/10.08.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. Contingency charge ആയി തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സർവ്വകലാശാല നടപടി സ്വീകരിക്കേണ്ടതുണ്ട്.

സർവ്വകലാശാല ഗവേഷണ സ്കോളർഷിപ്പുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന മേൽ അപാകങ്ങളിൽ നിന്ന് സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിനപ്പുറം സർവ്വകലാശാല തലത്തിൽ തുടർ പരിശോധന, മോണിറ്ററിംഗ് എന്നിവ നിർവ്വഹിക്കുന്നില്ല എന്നത് സർവ്വകലാശാല റിസർച്ച് കൌൺസിലിന്റെയും മറ്റ് അധികാര സ്ഥാനങ്ങളുടെയും പ്രത്യേക ശ്രദ്ധയുടെ ആവശ്യകതയിലേക്ക് ഊന്നൽ നൽകുന്നു.

## 1-11 സ്ഥിര നിക്ഷേപങ്ങൾ - അപാകതകൾ

2019-20 വർഷം സർവ്വകലാശാലയുടെ സ്ഥിര നിക്ഷേപങ്ങൾ ഫെഡറൽ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സൗത്ത് ഇൻഡ്യൻ ബാങ്ക്, കേരള ഗ്രാമീൺ ബാങ്ക് എന്നീ ബാങ്കുകളിലാണ് നിക്ഷേപിച്ചിട്ടുള്ളത്. സ്ഥിര നിക്ഷേപങ്ങളുടെ രജിസ്റ്റർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ) 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയ സ്ഥിര നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെട്ട പട്ടികയിൽ (ഷെഡ്യൂൾ 4) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലെ സ്ഥിര നിക്ഷേപങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

ബി) സ്ഥിര നിക്ഷേപങ്ങളുടെ രജിസ്റ്റർ പ്രകാരം 2019-20 വർഷം ക്ലോസ് ചെയ്ത SBIയിലുള്ള സ്ഥിരനിക്ഷേപങ്ങൾ SBIയിൽ തന്നെയുള്ള മറ്റൊരു അക്കൗണ്ടിൽ (നം. 67314392766) നിക്ഷേപിച്ചു. 2015-ലെ എ.പി.ജെ.എ.കെ.സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്ട്, വകുപ്പ് 50(2) പ്രകാരം സാങ്കേതിക സർവ്വകലാശാല നിധിയിലുള്ള എല്ലാ പണവും സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടു കൂടി സർവ്വകലാശാല നിശ്ചയിക്കുന്ന ബാങ്കുകളിൽ നിക്ഷേപിക്കാവുന്നതാണ്. എന്നാൽ SBIയിലുള്ള 50ലക്ഷം രൂപയ്ക്കു മുകളിലുള്ള 252 അക്കൗണ്ടുകൾ സർക്കാർ അനുമതിയില്ലാതെ തൻവർഷം മാത്രം ക്ലോസ്സ് ചെയ്ത് പ്രസ്തുത അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.

സി) സർക്കുലർ നം. 03/12/ഫിൻ തീയതി 06-01-12 പ്രകാരം ട്രഷറിയിൽ നിക്ഷേപിച്ചാൽ ലഭിക്കാവുന്നതിലും ഉയർന്ന പലിശ നിരക്ക് ബാങ്കിൽ ലഭിക്കുന്നില്ലായെങ്കിൽ പൊതു പണം നിർബന്ധമായും ട്രഷറിയിൽ തന്നെ നിക്ഷേപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ട്രഷറിയിൽ 8.5% വരെ (6.4 – 8.5) പലിശയുള്ളപ്പോൾ ബാങ്കിൽ 6.1% മുതൽ 7.75% വരെ പലിശയ്ക്കാണ് സ്ഥിര നിക്ഷേപങ്ങൾ പുതുക്കി നിക്ഷേപിച്ചത്. ലഭ്യമാക്കിയ സ്ഥിര നിക്ഷേപ രജിസ്റ്ററുകൾ പരിശോധിച്ചതിൽ തൻവർഷം ഫെഡറൽ ബാങ്കിൽ 107, സൗത്ത് ഇൻഡ്യൻ ബാങ്കിൽ 12, SBIയിൽ 2,

കേരള ഗ്രാമീൺ ബാങ്കിൽ 147എന്നിങ്ങനെ ആകെ 50ലക്ഷം മുതൽ 1.5 കോടി വരെയുള്ള 268 സ്ഥിര നിക്ഷേപങ്ങളാണ് കുറഞ്ഞ പലിശയ്ക്ക് വിവിധ ബാങ്കുകളിൽ നിക്ഷേപിച്ചിരുന്നത്. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ബാങ്കിൽ തന്നെ നിക്ഷേപിച്ചതു മൂലം സർവകലാശാലയ്ക്കു നിക്ഷേപങ്ങളുടെ പലിശയിനത്തിൽ ഭീമമായ നഷ്ടം സംഭവിച്ചിട്ടുണ്ട്.
മേൽ അപാകതകൾക്കുള്ള വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നം. 26/ 04-08-2022ന് നിലവിൽ സർവ്വകലാശാലയുടെ സ്ഥിര നിക്ഷേപങ്ങളെല്ലാം ട്രഷറി അക്കൗണ്ടുകളിലാണ് നിക്ഷേപിച്ചിട്ടുള്ളതെന്ന് മറുപടി ലഭ്യമാക്കി.

## 1-12 കരാർ വാഹനങ്ങളുമായി ബന്ധപ്പെട്ട അപാകതകൾ

സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരം സർവ്വകലാശാലയിലെ സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥർക്ക് ഔദ്യോഗിക വാഹനം അനുവദിക്കാവുന്നതാണ്. 2019-20 കാലയളവിൽ സർവ്വകലാശാല 5 കരാർ വാഹനങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. സർക്കുലർ 85/2018/ഫിൻ തീയതി 15/09/2018 പ്രകാരം ഒരു സ്ഥാപനത്തിന് ദീർഘകാല അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് ആവശ്യമുണ്ടെങ്കിൽ ധനകാര്യ വകുപ്പിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്. സ്ഥാപനത്തിന് വാഹനം ആവശ്യമുണ്ടെങ്കിൽ അഞ്ച് വർഷത്തേക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിനുള്ള അപേക്ഷ ധനകാര്യ വകുപ്പിൽ സമർപ്പിക്കേണ്ടതാണ്. ഒരു ദിവസത്തെ കുറഞ്ഞ മണിക്കൂറുകളും ഒരു മാസത്തേക്കുള്ള കുറഞ്ഞ കിലോമീറ്ററുകളും നിശ്ചയിച്ച് പ്രതിമാസ ചാർജ്ജ് നിശ്ചയിക്കേണ്ടതാണ്. കരാർ പ്രകാരമുള്ള തുകയേക്കാൾ കൂട്ടി വാഹനം ഓടുന്നതിന് ഒരു മണിക്കൂറിനും ഒരു കിലോമീറ്ററിനും നൽകേണ്ട നിരക്ക് കൂടി കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ സർവ്വകലാശാല കരാറടിസ്ഥാനത്തിൽ വാഹനങ്ങൾ വാടകയ്ക്ക് ഉപയോഗിക്കുമ്പോൾ മേൽ സർക്കുലറിൽ പ്രതിപാദിച്ചിട്ടുള്ള നിബന്ധനകൾ യാതൊന്നും തന്നെ പാലിച്ചിട്ടില്ല. കരാർ വാഹനങ്ങളുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

- സർവ്വകലാശാലയ്ക്ക് കരാർ വാഹനങ്ങൾ ലഭ്യമാക്കുന്നത് my own trips എന്ന സ്ഥാപനമാണ്. എന്നാൽ മേൽ സർക്കുലർ പ്രകാരം വാഹനം വാടകയ്ക്ക് എടുക്കുന്നതിനായി ധനകാര്യവകുപ്പിൽ നിന്നും അനുമതി വാങ്ങിയിട്ടില്ല.

- സർവ്വകലാശാല 5 കരാർ വാഹനങ്ങൾ ഉപയോഗിച്ചിട്ടുണ്ടെങ്കിലും അവയിൽ ഒരു വാഹനത്തിന് വേണ്ടി മാത്രമേ ടെൻഡർ വിളിച്ചിട്ടുള്ളൂ. ബാക്കി 4 വാഹനങ്ങളും ആവശ്യകതയ്ക്കനുസരിച്ച് ടി സ്ഥാപനത്തിൽ നിന്നും ടെൻഡർ നടപടികളൊന്നും കൂടാതെ തന്നെ ലഭ്യമാക്കിയിരിക്കുകയാണ്. ഇത് ക്രമവിരുദ്ധമായ നടപടിയാണ്.

- മേൽ സർക്കുലർ പ്രകാരം 5 വർഷത്തേക്കാണ് സർവ്വകലാശാല സ്ഥാപനവുമായി കരാറിൽ ഏർപ്പെടേണ്ടത്. എന്നാൽ ഒരു വർഷത്തേക്കുള്ള കരാറാണ് സർവ്വകലാശാലക്ക് സ്ഥാപനവുമായി നിലവിലുള്ളത്. ഓരോ വർഷവും കരാർ പുതുക്കുന്നതിനായി കത്ത് നൽകുന്നു. എന്നാൽ സർവ്വകലാശാലയും സ്ഥാപനവും തമ്മിലുള്ള പുതുക്കിയ കരാർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

- വാഹനം ലഭ്യമാക്കുന്നതിനായി ഒരു വർഷത്തെ കരാറാണ് സർവ്വകലാശാലയും സ്ഥാപനവുമായി നിലവിലുള്ളത്. എന്നാൽ ടി കരാറിൽ സർക്കുലറിൽ പ്രതിപാദിച്ചിരിക്കും പ്രകാരം ഒരു ദിവസത്തെ കുറഞ്ഞ മണിക്കൂറുകൾ, കരാർ പ്രകാരമുള്ള തുകയേക്കാൾ കൂട്ടി വാഹനം ഓടുമ്പോൾ ഒരു മണിക്കൂറിന് നൽകേണ്ട നിരക്ക് എന്നിവയെ പറ്റി പരാമർശിച്ചിട്ടില്ല.

- KL-16 R 2290 വാഹനം സർവ്വകലാശാലയ്ക്ക് നൽകുന്നതിനായി ഏർപ്പെട്ട കരാറിന്റെ കാലാവധി 22/02/2019ൽ അവസാനിച്ചു. പിന്നീട് 31/08/2019-ലാണ് കരാർ പുതുക്കിയത്. എന്നാൽ കരാർ നിലവിലില്ലാത്ത കാലയളവിലും വാഹനം സർവ്വകലാശാലയുടെ ആവശ്യങ്ങൾക്കായി ഉപയോഗിച്ചിരുന്നു എന്ന് ഓഡിറ്റിൽ വ്യക്തമായിട്ടുണ്ട്.

മേൽ അപാകതകൾക്കുള്ള വിശദീകരണം 25/06/2022ലെ ഓഡിറ്റ് എൻക്വയറി നം. 15 മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സർവ്വകലാശാലയുടെ ആവശ്യങ്ങൾക്കായി വാടകയ്ക്കെടുക്കുന്ന വാഹനങ്ങൾ ഉപയോഗിക്കുന്നതിന് ധനകാര്യവകുപ്പിൽ നിന്നും അനുമതി വാങ്ങുന്നതിനും വാടകയ്ക്കെടുക്കുന്ന വാഹനങ്ങൾ സംബന്ധിച്ച് സ്ഥാപനവുമായി കരാറിലേർപ്പെട്ടതിന് ശേഷം മാത്രം വാഹനങ്ങൾ ഉപയോഗിക്കുന്നതിനും സർവ്വകലാശാലാ അധികൃതർ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 വാഹനങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾ സംബന്ധിച്ച അപാകതകൾ

1. വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുന്നതിനായി അഡ്വാൻസ് നൽകിയ തുകകൾ ക്രമീകരിച്ചിട്ടില്ല

UO No. 120/2020/KTU Dtd. 20/01/2020, UO No. 121/2020/KTU Dtd. 20/01/2020 ഉത്തരവുകൾ പ്രകാരം വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ എന്നിവരുടെ ഔദ്യോഗിക വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് ഒരാഴ്ച്ചക്കം തീർപ്പാക്കണമെന്ന് വ്യക്തമാക്കി വാഹനങ്ങളുടെ ഡ്രൈവർമാർക്ക് 21000/-വീതം അഡ്വാൻസ് നൽകിയിരുന്നു. എന്നാൽ ഈ തുക ക്രമീകരിച്ചതു സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

2. വാഹനങ്ങളുമായി ബന്ധപ്പെട്ട വാങ്ങലുകളിൽ പാലിക്കേണ്ട നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല

ജി.ഒ(പി)നം.7/19/എസ്.പി.ഡി തീയതി 26/04/2019 പ്രകാരം വരുത്തിയ ഭേദഗതികൾ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം (Government e-Marketplace) മുഖേന സമാഹരിക്കേണ്ടതാണ്. UO No. 589/2019/KTU Dtd.20/11/2019 പ്രകാരം വൈസ് ചാൻസിലറുടെ ഔദ്യോഗിക വാഹനത്തിന് ടയറുകൾ വാങ്ങുന്നതിനായി ശ്രീ.വിനോദ് കുമാറിന് Rs.26000/- അനുവദിച്ചു നൽകിയിട്ടുണ്ട്. ടി ആവശ്യത്തിലേക്കായി ക്വട്ടേഷൻ വിളിച്ചതായോ ജെം മുഖേന പർച്ചേസ് നടത്തുന്നതിനായോ സ്വീകരിച്ച നടപടികൾ ഫയലിൽ വ്യക്തമല്ല.

മേൽ അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ 14/06/2022ലെ ഓഡിറ്റ് എൻക്വയറി നം. 11ന് മറുപടി

ലഭ്യമാക്കിയിട്ടില്ല. ഇനിമേൽ സർവ്വകലാശാല നടത്തുന്ന എല്ലാ വാങ്ങലുകളും സ്റ്റോർ പർച്ചേസ് മാന്വൽ നിഷ്കർഷിക്കും പ്രകാരമായിരിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

## 1-14 ഉത്തരക്കടലാസുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ പരീക്ഷാ മാന്വൽ ഖണ്ഡിക 1-7 പ്രകാരം ഉത്തരക്കടലാസുകളുടെ കൃത്യമായ കണക്കുകൾ ഉൾപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ സർവകലാശാല തന്നെ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ ഇത്തരത്തിൽ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കാതെ അച്ചടി പ്രവർത്തനങ്ങൾ ഏറ്റെടുത്ത ഏജൻസിയെത്തന്നെ ഉത്തരക്കടലാസുകളുടെ വിതരണച്ചുമതലയോടൊപ്പം കണക്ക് സൂക്ഷിപ്പും ഏൽപ്പിക്കുകയാണ് സർവകലാശാല ചെയ്തത്.

ഓരോ വർഷവും എട്ടു സെമസ്റ്ററുകളിലായി ഒരു ലക്ഷത്തി ഇരുപതിനായിരത്തോളം വിദ്യാർത്ഥികൾക്കു വേണ്ടി ഏകദേശം 20 ലക്ഷം ഉത്തരക്കടലാസുകളാണ് പരീക്ഷാ ആവശ്യങ്ങൾക്കായി വേണ്ടി വരുന്നത്. ഇവയുടെ അച്ചടി കേരളാ ബുക്ക്സ് ആന്റ് പബ്ലിഷിംഗ് സൊസൈറ്റി എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചിട്ടുള്ളത്. 142 കോളേജുകൾക്ക് ആവശ്യമായ ഉത്തരക്കടലാസുകളുടെ ഏകദേശ എണ്ണം ക്രോഡീകരിച്ച് അച്ചടി നടത്തുന്ന സ്ഥാപനത്തിന് സർവകലാശാല കൈമാറുന്നു. അച്ചടിച്ച ഉത്തരക്കടലാസുകൾ സ്ഥാപനം തന്നെ നേരിട്ട് കോളേജുകളിൽ വിതരണം ചെയ്യുന്നു. ഇതു സംബന്ധിച്ച യാതൊരു കണക്കുകളും സർവകലാശാലയ്ക്ക് ലഭ്യമാകുന്നില്ല.

കേരളാ ബുക്ക്സ് ആന്റ് പബ്ലിഷിംഗ് സൊസൈറ്റിയിൽ നിന്നും ഉത്തരക്കടലാസുകൾ കൈപ്പറ്റിയതിന്റെയും കോളേജുകൾക്ക് വിതരണം ചെയ്തതിന്റെയും വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/12.07.22ക്ക് മറുപടി നൽകിയിട്ടില്ല.

പ്രവർത്തനം അവസാനിപ്പിക്കുന്ന കോളേജുകൾ പരീക്ഷയ്ക്ക് ഉപയോഗപ്പെടുത്തിയതിൽ മിച്ചമുള്ള ഉത്തരക്കടലാസുകൾ തിരികെ എടുക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ കത്തുകളിന്മേൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

ഉത്തരക്കടലാസുകൾ യഥാവിധി സ്റ്റോക്കിലെടുക്കാനും വിതരണ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ അധികാര സ്ഥാനങ്ങളുടെ സാക്ഷ്യപ്പെടുത്തലുകളോടു കൂടി സൂക്ഷിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-14-1 ഉത്തരക്കടലാസുകളുടെ സൂക്ഷിപ്പും പരിശോധനയും-നിരീക്ഷണ സംവിധാനം നിലവിലില്ല

പരീക്ഷാ വിഭാഗം ഫയലുകൾ പരിശോധിച്ചതിൽ പരീക്ഷയ്ക്കു ശേഷം ഉത്തരക്കടലാസുകൾ സൂക്ഷിക്കുന്നതിലും പുന:പരിശോധനയ്ക്കു വിധേയമാക്കി യഥാസമയം പരീക്ഷാ ഫലം പ്രസിദ്ധീകരിക്കുന്നതിലും ഗുരുതരമായ പിഴവുകൾ സംഭവിച്ചതായി ബോധ്യപ്പെട്ടു. സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ അധീനതയിലുള്ള കോളേജുകളിൽ 2015 മുതൽ 2018 ഏപ്രിൽ/മെയ് വരെ നടന്ന ബി-ടെക്ക് പരീക്ഷകളിൽ പുനർ മൂല്യനിർണ്ണയത്തിനപേക്ഷിച്ച വിദ്യാർത്ഥികളുടെ 41 ഉത്തരക്കടലാസുകൾ എവിടെയെന്ന് കണ്ടെത്താനായിട്ടില്ലാത്തതിനാൽ പരീക്ഷാഫലം പ്രസിദ്ധപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പരാജയപ്പെട്ടു എന്ന സ്റ്റാറ്റസ് തന്നെയാണ് ഇവരിൽ 11 പേരുടെ പോർട്ടലിൽ ഇപ്പോഴും ലഭ്യമാകുന്നത്. ചിലർ സപ്ലിമെന്ററി പരീക്ഷ എഴുതി വിജയിച്ചപ്പോൾ മറ്റു ചിലർ സർവകലാശാലയിലെ അഡ്മിഷൻ കാൻസൽ ചെയ്തു.

മൂല്യ നിർണ്ണയ ക്യാമ്പുകളിൽ നിന്നും ഉത്തരക്കടലാസുകൾ യഥാസമയം പുനർമൂല്യനിർണ്ണയം നടക്കുന്ന ക്യാമ്പുകളിലേയ്ക്ക് അയച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട കോളേജ് അധികൃതർ മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഇവ കൈപ്പറ്റിയിട്ടില്ല എന്ന നിലപാടാണ് പുനർമൂല്യനിർണ്ണയം നടന്ന കോളേജ് അധികൃതർ കൈക്കൊണ്ടിട്ടുള്ളത്. കാണാതായവയിൽ 5 ഉത്തരക്കടലാസുകളുടെ പകർപ്പുകൾ പോർട്ടലിൽ അപ് ലോഡ് ചെയ്തിട്ടുള്ളതിനാൽ അവ പുനർമൂല്യനിർണ്ണയം നടത്താനും മൂല്യനിർണ്ണയം നടന്ന ക്യാമ്പുകളിൽ വീണ്ടും ബന്ധപ്പെട്ട് വിവരങ്ങൾ ആവശ്യപ്പെടാനും 15/03/2019ൽ പരീക്ഷാ കൺട്രോളർ അനുമതി നൽകിയിട്ടുണ്ടെങ്കിലും തുടർനടപടികൾ കൈക്കൊണ്ടിട്ടില്ല.കാണാതായ ഉത്തരക്കടലാസുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ നിയമോപദേശം സ്വീകരിക്കുവാൻ 09/10/2019ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനമെടുത്തിരുന്നെങ്കിലും തുടർ നടപടികൾ വ്യക്തമല്ല.

സർവകലാശാലയുടെ എക്സാം മാന്വൽ ഖണ്ഡിക 1-10 പ്രകാരം പരീക്ഷയ്ക്കു ശേഷം ഉത്തരക്കടലാസുകൾ 25 എണ്ണം വീതമുള്ള പായ്ക്കറ്റുകളാക്കി നേരിട്ട് മൂല്യനിർണ്ണയ ക്യാമ്പുകളിൽ തപാൽ വകുപ്പ് വഴി അയയ്ക്കുന്നു. പരീക്ഷാഫലം പ്രസിദ്ധീകരിച്ച ശേഷം പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കുന്നവരുടെ പേപ്പറുകൾ മാത്രം ആയതിന് സജ്ജമാക്കുന്ന ക്യാമ്പുകളിലേയ്ക്ക് അയയ്ക്കുന്നു. പുനർ മൂല്യനിർണ്ണയം നടത്തുന്ന ഫാക്കൾട്ടി ഉത്തരക്കടലാസ് സ്കാൻ ചെയ്ത് മാർക്ക് എന്റർ ചെയ്യുമ്പോൾ മാത്രമാണ് ഉത്തരക്കടലാസിന്റെ ബാർകോഡ് സ്കാൻ ചെയ്യുന്നത്. ഈ സമയത്ത് മാത്രമാണ് പ്രസ്തുത ഉത്തരക്കടലാസ് ഏതു പായ്ക്കറ്റിലാണെന്നും ഏത് ക്യാമ്പിലാണെന്നും പോർട്ടലിൽ വിവരം ലഭ്യമാകുന്നത്.

മൂല്യനിർണ്ണയ ക്യാമ്പിൽ തന്നെ ബാർ കോഡ് സ്കാൻ ചെയ്ത ശേഷം പുനർമൂല്യ നിർണ്ണയത്തിന് ഉത്തരക്കടലാസുകൾ അയയ്ക്കത്തക്ക രീതിയിൽ വെബ് പോർട്ടലിൽ ഒരു പ്രൊവിഷൻ വേണമെന്ന തീരുമാനത്തെത്തുടർന്ന് കെൽട്രോണുമായി ബന്ധപ്പെട്ടെങ്കിലും നടപടികൾ ഉണ്ടാകാത്തതിനെത്തുടർന്ന് സർവകലാശാലയിലെ തന്നെ ഇ-ഗവേണൻസ് ടീം ഒരു ടൂൾ വികസിപ്പിച്ചെടുത്തു. ക്യാമ്പുകളിൽ നിന്നും അയയ്ക്കുമ്പോഴും സ്വീകരിക്കുമ്പോഴും ഉത്തരക്കടലാസുകളുടെ ബാർകോഡ് സ്കാൻ ചെയ്ത് അവയുടെ തൽസ്ഥിതി ഉറപ്പു വരുത്താനുള്ള സംവിധാനം പ്രസ്തുത ടൂൾ പ്രകാരം ലഭ്യമാകുന്നുണ്ട്. 2019 സെപ്റ്റംബർ മാസം മുതൽ നടക്കുന്ന പരീക്ഷകളിൽ ഈ സംവിധാനം ഉപയോഗപ്പെടുത്തണമെന്ന് 17/08/2019ൽ പരീക്ഷാ കൺട്രോളർ ഉത്തരവിട്ടെങ്കിലും(ഉത്തരവ് നം.12/2019) ടൂൾ പ്രായോഗികമാക്കിയോ എന്നതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. മേൽ വിഷയങ്ങളുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/12.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് സർവകലാശാല സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.സിൻഡിക്കേറ്റിന്റെ ശക്തമായ മോണിറ്ററിംഗ് സംവിധാനത്തിന്റെ അഭാവമാണ് തൽസ്ഥിതി
കണ്ടെത്താൻ കഴിയാതെ വരുന്നതിന്റെ പ്രധാന കാരണം. കൃത്യമായ മോണിറ്ററിംഗ് നടപടികൾ ഉറപ്പാക്കാൻ സർവകലാശാല നടപടികൾ സ്വീകരിക്കേണ്ടതാണ്.

പൂർണ്ണമായും ഡിജിറ്റൽ സംവിധാനത്തിൽ പ്രവർത്തിക്കുന്ന സർവകലാശാലയിൽ ഉത്തരക്കടലാസുകളുടെ സൂക്ഷിപ്പ് സൂക്ഷ്മമായും കാര്യക്ഷമമായും നിരീക്ഷിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താതിരിക്കുന്നത് അഭികാമ്യമല്ല. വിദ്യാർത്ഥികളുടെ ഭാവിയെത്തന്നെ പ്രതികൂലമായി ബാധിക്കുന്ന ഇത്തരം നടപടികൾ ഒഴിവാക്കേണ്ടതാണ്.

## 1-14-2 മൂല്യനിർണ്ണയത്തിലെ അപാകങ്ങൾ – ശിക്ഷാ നടപടികൾ അവ്യക്തം

2019 ഡിസംബർ മാസം നടന്ന ഏഴാം സെമസ്റ്റർ ബി-ടെക്ക് പരീക്ഷയിൽ ആകെ 208226 ഉത്തരക്കടലാസുകളിൽ 24854 എണ്ണം പുനർ മൂല്യനിർണ്ണയത്തിന് വിധേയമാക്കി. മാർക്കുകളിൽ വർദ്ധനവ് പ്രതീക്ഷിച്ച് അപേക്ഷിച്ച 6040 പേർ പുനർ മൂല്യനിർണ്ണയത്തിൽ പരാജയപ്പെട്ടു. 8552 പേരുടെ ഗ്രേഡുകളിൽ വ്യത്യാസമുണ്ടായി. റീ വാല്യുവേഷനിൽ 15%ൽ അധികം മാർക്ക് നേടിയ 2617 പേർക്ക് 600/-രൂപാ വീതം റീഫണ്ട് ലഭിച്ചു. ഇപ്രകാരം 1296600/-രൂപയാണ് 21.06.2022 ലെ KTU/AR(Academic-1)/1509/2016 നം ഉത്തരവ് പ്രകാരം വിതരണം ചെയ്തത്.

പുനർമൂല്യ നിർണ്ണയ അപേക്ഷകളും ആയതിന്മേൽ സ്വീകരിച്ച നടപടികളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു

1)ഒന്നാം എക്സാമിനർ രേഖപ്പെടുത്തുന്ന ശരിയായ മാർക്ക് രണ്ടാം എക്സാമിനർ തെറ്റായി രേഖപ്പെടുത്തുന്നു.

2)ഒന്നാം എക്സാമിനർ മൂല്യ നിർണ്ണയം നടത്തിയ ഉത്തരക്കടലാസ് രണ്ടാം എക്സാമിനർ പരിശോധിക്കുന്നില്ല.

3)മൂല്യ നിർണ്ണയത്തിൽ ലഭിക്കുന്ന മാർക്ക് പോർട്ടലിൽ അപ് ലോഡ് ചെയ്യുമ്പോൾ വ്യത്യാസപ്പെടുന്നു.

4)എല്ലാ ഉത്തരങ്ങളും പരിശോധിക്കുന്നില്ല

5)ജയിക്കാനാവശ്യമായ മാർക്ക് ലഭിച്ച വിദ്യാർത്ഥികളുടെ പരീക്ഷാ ഫലം പോർട്ടലിൽ ഫെയിൽഡ് എന്ന് കാണിക്കുന്നു.

6)ആകെ എന്ന കോളത്തിൽ മാർക്ക് കൂട്ടി എഴുതുന്നതിൽ പിഴവ് സംഭവിക്കുന്നു.

7)എല്ലാ ഉത്തരങ്ങളുടെയും മാർക്കുകൾ ടാബുലേഷൻ ഷീറ്റിൽ ഉൾപ്പെടുന്നില്ല

പുനർ മൂല്യനിർണ്ണയത്തിൽ ആദ്യം ലഭിച്ച മാർക്കിനേക്കാൾ 15% വർദ്ധനയുണ്ടായാൽ മൂല്യനിർണ്ണയം നടത്തിയ അധ്യാപകരിൽ നിന്നും 5000/-രൂപ വീതം പിഴ ഈടാക്കാൻ സിൻഡിക്കേറ്റ് തീരുമാനമെടുത്തിരുന്നു.

വാല്യുവേഷൻ ക്യാമ്പുകളിൽ ഹാജരാകാത്ത അധ്യാപകർക്ക് പിഴ ചുമത്തുവാൻ 19/02/2020 ലെ 305/2020 നം. യൂണിവേഴ്സിറ്റി ഉത്തരവ് പ്രകാരവും ഇന്റേണൽ മാർക്ക് പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതിൽ ഗുരുതര പിഴവ് വരുത്തുന്നവർക്കെതിരെ പിഴ ചുമത്തുവാൻ 28/07/2020 ലെ 1060/2020 നം. യൂണിവേഴ്സിറ്റി ഉത്തരവ് പ്രകാരവും തീരുമാനമെടുത്തിരുന്നു. പരീക്ഷാ ജോലിയിൽ ഗുരുതര വീഴ്ച വരുത്തിയ അധ്യാപകനിൽ നിന്നും 5000/-രൂപ ഫൈൻ ഈടാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആദി ശങ്കര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി പ്രിൻസിപ്പാളിന് യൂണിവേഴ്സിറ്റി അധികൃതർ 20/08/2018 ൽ KTU/AD(Exam)/2604/17 നമ്പരായി കത്ത് നൽകിയിരുന്നു.

ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് 03/03/2020ൽ KTU/EX-V#2/7279/2019നമ്പരായി നൽകിയ കത്തിൽ പുനർ മൂല്യനിർണ്ണയത്തിലെ അപാകതകളുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കാൻ ഒരു റിവ്യൂ സിസ്റ്റം ഏർപ്പെടുത്തിയതായി സൂചിപ്പിച്ചിരുന്നെങ്കിലും പ്രവർത്തനങ്ങൾ വ്യക്തമല്ല.

എന്നാൽ പിഴയിനത്തിൽ തുക ഈടാക്കിയതിന്റെയും കൃത്യവിലോപം നടത്തിയവർക്കെതിരെ സ്വീകരിച്ച നടപടികളുടേയും വിവരങ്ങൾ ഫയലുകളിൽ ലഭ്യമല്ല. അധ്യാപകരിൽ നിന്നും ഫൈൻ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20 /12/07/2022) മറുപടി ലഭ്യമാക്കിയില്ല.

വിദ്യാർത്ഥികളുടെ ഭാവിയെത്തന്നെ അപകടകരമായ വിധത്തിൽ ബാധിക്കുന്ന തരത്തിലുള്ള ഇത്തരം പ്രവർത്തനങ്ങൾ അധ്യാപകരുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നത് ഒഴിവാക്കേണ്ടതാണ് . കേവലം പിഴ ഈടാക്കുന്നതിൽ മാത്രം ശിക്ഷാ നടപടികൾ ഒതുക്കാതെ, പരീക്ഷാ സംബന്ധിയായ എല്ലാ ജോലികളും കൃത്യമായും പിഴവില്ലാതെയും നടക്കുന്നുണ്ടെന്ന് അധികൃതർ ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് സർവകലാശാല സിൻഡിക്കേറ്റിന്റെ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു .

## 1-15 റീവാല്യുവേഷൻ റീഫണ്ട് വിതരണം-അപാകതകൾ

റീവാല്യുവേഷൻ റീഫണ്ട് ഇനത്തിൽ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനായി സർവ്വകലാശാല 145 കോളേജുകളിലെ 14362 വിദ്യാർത്ഥികൾക്ക് 09/04/2019- ലെ KTU/EX - IV#2/1527/2019 നം. പ്രൊസീഡിംഗ്സ് പ്രകാരം 86,17,200/- രൂപയും 146 കോളേജുകളിലെ 14418 വിദ്യാർത്ഥികൾക്ക് 02/12/2019- ലെ U.O No. 666/2019/KTU പ്രകാരം 86,50,800/- രൂപയും നൽകിയിരുന്നു. ടി. തുക കോളേജുകൾ ബന്ധപ്പെട്ട വിദ്യാർത്ഥികൾക്ക് കൃത്യമായി വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ അറിയുന്നതിനായി കോളേജുകളിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2019-20 സാമ്പത്തിക വർഷം , മുൻവർഷങ്ങളിലെ റീവാല്യുവേഷൻ റീഫണ്ട് ഇനത്തിൽ കോളേജുകൾക്ക് ലഭ്യമായ തുക പൂർണ്ണമായും വിതരണം ചെയ്തിട്ടില്ലെന്നും തുകയുടെ വിതരണത്തിൽ കാലതാമസം നേരിടുന്നതായും ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

1) കോളേജ് ഓഫ് എഞ്ചിനിയറിംഗ് , ചെങ്ങന്നൂർ

മേൽ ഓർഡറുകൾ പ്രകാരം ലഭ്യമായ 54000/-, 84000/- എന്നീ തുകകൾ വിതരണം ചെയ്തു എങ്കിലും 2019-ൽ ലഭ്യമായ റീഫണ്ട് തുകകൾ 2022-ൽ ആണ് പൂർണ്ണമായും വിതരണം ചെയ്തു കഴിഞ്ഞത്. കൂടാതെ 30/06/2021-ൽ ടി. ഇനത്തിൽ ലഭ്യമായ 55000/- രൂപയിൽ 45 വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട 27000/- രൂപ നാളിതുവരെ വിതരണം ചെയ്തു കഴിഞ്ഞിട്ടില്ല.

2) മോഹൻദാസ് കോളേജ് ഓഫ് എഞ്ചിനിയറിംഗ് , നെടുമങ്ങാട്

റീവാല്യുവേഷൻ റീഫണ്ട് ഇനത്തിൽ കോളേജിന് ലഭിച്ച 09/04/2019- ലെ KTU/EX - IV#2/1527/2019 നം. പ്രൊസീഡിംഗ്സ് പ്രകാരമുള്ള 71400/- രൂപയിൽ 2 വിദ്യാർത്ഥികളുടെ 1200/- രൂപയും 02/12/2019- ലെ U.O No. 666/2019/KTU പ്രകാരമുള്ള 81600/- രൂപയിൽ 13 വിദ്യാർത്ഥികളുടെ 7800/- രൂപയും വിതരണം ചെയ്യാൻ അവശേഷിക്കുന്നു.

3) L B S ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി , പൂജപ്പുര

09/04/2019- ലെ KTU/EX - IV#2/1527/2019 നം. പ്രൊസീഡിംഗ്സ് പ്രകാരമുള്ള റീവാല്യുവേഷൻ റീഫണ്ട് തുകയായി ലഭിച്ച 130800/- രൂപയിൽ 22 വിദ്യാർത്ഥികളുടെ 13200/- രൂപയും 02/12/2019- ലെ U.O No. 666/2019/KTU പ്രകാരമുള്ള 75000/- രൂപയിൽ 54 വിദ്യാർത്ഥികളുടെ 32400/- രൂപയും വിതരണം ചെയ്യാൻ അവശേഷിക്കുന്നു.

4) രാജഗിരി സ്കൂൾ ഓഫ് എഞ്ചിനിയറിംഗ് &ടെക്നോളജി , എറണാകുളം

09/04/2019- ലെ KTU/EX - IV#2/1527/2019 നം. പ്രൊസീഡിംഗ്സ് പ്രകാരം കോളേജിന് ലഭിച്ച 297000/- രൂപയിൽ 22 വിദ്യാർത്ഥികളുടെ 28800/- രൂപയും 02/12/2019- ലെ U.O No. 666/2019/KTU പ്രകാരം ലഭിച്ച 336000/- രൂപയിൽ 173 വിദ്യാർത്ഥികളുടെ 103800/- രൂപയും വിതരണം ചെയ്യാൻ അവശേഷിക്കുന്നു.

സർവ്വകലാശാല പുറപ്പെടുവിച്ച പ്രസ്തുത ഉത്തരവുകളിൽ തുകയുടെ വിതരണം, കാലാവധി എന്നിവ സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. വിതരണം ചെയ്യാതെ ബാക്കി നിൽക്കുന്ന തുകകൾ എന്ത് ചെയ്യണമെന്നും ഉത്തരവുകളിൽ പരാമർശിച്ചിട്ടില്ല. കൂടാതെ ടി. തുകകൾ വിദ്യാർത്ഥികൾക്ക് ലഭ്യമായി എന്നുറപ്പു വരുത്തുന്നതിന് സർവ്വകലാശാല സ്വീകരിച്ച നടപടികളെ സംബന്ധിച്ചും വ്യക്തതയില്ല.ഈ സാഹചര്യത്തിൽ റീവാല്യുവേഷൻ റീഫണ്ട് ഇനത്തിൽ കുട്ടികൾക്ക് ഇനിയും വിതരണം ചെയ്യാൻ അവശേഷിക്കുന്ന തുകകൾ അടിയന്തിരമായി കുട്ടികൾക്ക് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.മേൽ വിവരങ്ങൾ 8/6/2022-ലെ കെ.എസ്സ്.എ.കെ.റ്റി.യു2/80/2022 നം. കത്തായി രജിസ്ട്രാറെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ വിഷയത്തെ സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.ഈ വിഷയത്തിലേക്ക് സർവ്വകലാശാല സിൻഡിക്കേറ്റിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ടോണർ റീഫില്ലിംഗ് കരാർ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല – 60018 രൂപ തടസ്സപ്പെടുത്തുന്നു.

സർവ്വകലാശാലയിൽ ഉപയോഗിക്കുന്ന കമ്പ്യൂട്ടറുകളുടെ ടോണർ റീഫില്ലിംഗുമായി ബന്ധപ്പെട്ട KTU/P/475/2015 നമ്പർ ഫയൽ പരിശോധിച്ചതിൽ 2019-20 വർഷം താഴെപ്പറയുന്ന പ്രകാരം 60018/-രൂപ നെയ്യാറ്റിൻകര ജി.എൻ.ആർ സിസ്റ്റംസ് എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്.

| Sl No | U.O Number | Bill Date | Amount |
|---|---|---|---|
| 1 | 162/2020/KTU, 28.01.2020 | 29.11.2019 | 13665 |
| 2 | 323/2020/KTU, 20.02.2020 | 17.01.2019 | 8371 |
| 3 | 714/2019/KTU,05.12.2019 | 16.10.2019 | 4185 |
| 4 | 426/2019/ KTU,25.10.2019 | 23.09.2019 | 2168 |
| 5 | 251/2019/ KTU,27.09.2019 | 20.08.2019 | 3479 |
| 6 | 19/2019/ KTU,29.07.2019 | 10.07.2019 | 4750 |

| | | | |
|---|---|---|---|
| 7 | KTU/P/475/2015, 02.07.2019 | 08.06.2019 | 5550 |
| 8 | KTU/P/475/2015,04.06.2019 | 15.05.2019 | 4750 |
| 9 | KTU/P/475/2015, 15.05.2015 | 26.04.2019 | 5300 |
| 10 | KTU/P/475/2015,03.05.2019 | 28.02.2019 | 7800 |
| Total | | | 60018 |

മേൽ സ്ഥാപനവുമായി സർവ്വകലാശാല ഉണ്ടാക്കിയിട്ടുള്ള കരാറുകളെ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനുള്ള കാരണം വിശദീകരിക്കുകയോ, കരാർ ഓഡിറ്റിൽ പരിശോധനക്ക് ലഭ്യമാക്കുകയോ ചെയ്യാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറി നം.1/19.05.2022 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ടോണർ ഫില്ലിംഗുമായി ബന്ധപ്പെട്ട മേൽ ചെലവ് തുക 60018-രൂപ തടസ്സത്തിൽ വയ്ക്കുന്നു. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 സർക്കാരിന്റെ അനുമതി കൂടാതെയുള്ള കരാർ നിയമനം ക്രമവിരുദ്ധം

സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെയാണ് കേരള സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയിൽ കരാർ നിയമനം നടത്തിയിട്ടുള്ളത്. 2019-20 വർഷം സർവ്വകലാശാലയിൽ contract daily wages വ്യവസ്ഥയിൽ അദ്ധ്യാപകേതര തസ്തികകളിൽ ആകെ 68 പേർ വിവിധ തസ്തിതകകളിൽ ജോലി ചെയ്തിട്ടുണ്ട്. ഓരോ ജീവനക്കാർക്കും 179 ദിവസത്തിൽ അധികരിക്കാത്ത കാലയളവിലേക്ക് വിവിധ തസ്തികകളിൽ താല്ക്കാലിക അടിസ്ഥാനത്തിൽ നിയമിക്കുകയും, ശേഷം ബ്രേക്കിന് ശേഷം കാലയളവ് നീട്ടി നല്കുകയും ചെയ്ത് പോരുന്നു. (അവലംബം 23/2.8.22-ാം നമ്പർ ഓഡിറ്റ് എൻക്വയറിയുടെ മറുപടി). ഇപ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമനം ലഭിച്ചവർ വർഷങ്ങളായി സേവനത്തിൽ തുടരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | Name of designation | No of Employees | Nature of duty | Rate of Payment (Rs) |
|---|---|---|---|---|
| 1 | Technical Assisstant/ Network Administrator | 1 | Daily wages | 27550/month |
| 2 | E-governance supporting staff | 39 | Daily wages | 740/day |
| 3 | Confidential Assisstant | 1 | Contract | 21145 |
| 4 | IT Support Engineer | 3 | Contract | 28000/month |
| 5 | IT Consultant | 1 | Contract | 60000/month |
| 6 | System Engineer | 2 | Contract | 31000/month |
| 7 | Business Analyst | 1 | Contract | 31000/month |
| 8 | IT Support team lead | 1 | Contract | 50000/month |
| 9 | IT Suport Engineer/ Junior E governance support staff | 13 | Contract | 23000/month |
| 10 | Clerk | 1 | Daily wages | 27060/month |
| 11 | Driver | 2 | Contract | 19670/month |
| 12 | Office Attendant | 1 | Contract | 18030/month |
| 13 | Personal Peon | 1 | Daily wages | 715/Day |
| 14 | Domestic Assistant | 1 | Daily wages | 660/Day |
| | | 68 | | |

മേൽ തസ്തികകളിൽ താല്ക്കാലിക നിയമനം നടത്തിയിരിക്കുന്നതിന് സർക്കാർ അനുമതി നേടിയിട്ടില്ല. കൂടാതെ IT Support Engineer (Rs.23000/month) IT Consultant (Rs.60000/month), Business analyst (Rs.31000/month) IT Support team leader (50000/month) എന്നീ തസ്തികകളിലെ വേതനം കണക്കാക്കിയിരിക്കുന്നത് ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എന്നതിൽ വ്യക്തതയില്ല. മേൽ തസ്തികകളിലേക്കുള്ള താല്ക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നികത്തുന്നതിനായും ശ്രമിച്ചിട്ടില്ല. 1959ലെ "എംപ്ലോയ്മെന്റ് എക്സ്ചേഞ്ചസ് കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്" ആക്റ്റ് (നാഷണൽ എംപ്ലോയ്മെന്റ് സർവീസ് മാന്വൽ -Part I, VolI) പ്രകാരം പൊതുമേഖലയിലുള്ള എല്ലാ

സ്ഥാപനങ്ങളും, 25 അല്ലെങ്കിൽ അതിൽ കൂടുതൽ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്വകാര്യ മേഖലയിലെ എല്ലാ സ്ഥാപനങ്ങളും മൂന്ന് മാസത്തിലേറെയായുള്ള ഒഴിവുകൾ, അവ നികത്തുന്നതിന് മുമ്പായി അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സർവ്വകലാശാലയിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്യുന്നില്ല.

ദിവസ വേതന/കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചുകൊണ്ട് കാലാകാലങ്ങളിൽ ധനവകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ എല്ലാം തന്നെ [സ.ഉ(പി)നം28/2016/ധന തീ.26.2.2016, സ.ഉ(പി) നം56/2017/ധന തീ.28.4.2017, സ.ഉ(പി) നം 112/2018/ധന തീ.21.7.2018 , *9.7.2019 ലെ സ.ഉ(പി)നം81/*2019/ധന] അടിയന്തിര ഘട്ടങ്ങളിൽ മാത്രമേ സ്ഥാപനങ്ങൾ ദിവസ വേതന കരാർ ജീവനക്കാരെ നിയമിക്കാൻ പാടുള്ളൂ എന്നും കരാർ അടിസ്ഥാനത്തിലുള്ള നിയമനം സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ നടത്താവൂ എന്നും വ്യക്തമാക്കിയിരിക്കുന്നു. ഇപ്രകാരമുള്ള കരാർ നിയമനം ഒരു വർഷത്തേക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതും വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം ഒരു വർഷത്തേക്ക് കൂടി സേവനം ദീർഘിപ്പിച്ച് നല്കാവുന്നതാണെന്നും രണ്ട് വർഷ കാലാവധിക്കു ശേഷം ആവശ്യകതയുടെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടുകൂടി മാത്രമേ കരാർ പുതുക്കാൻ പാടുള്ളുവെന്നും വ്യക്തമാക്കിയിരിക്കുന്നു.

ഈ വിഷയം സംബന്ധിച്ച് 16/4.7.2022, 23/2.8.2022 എന്നീ നം ഓഡിറ്റ് എൻക്വയറികളിൽ 23ാം നമ്പർ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 2015 ലെ എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ആക്റ്റിലെ 42,43 വകുപ്പുകളിലെ അധികാരം ഉപയോഗിച്ച് സർക്കാർ വിജ്ഞാപനം ചെയ്ത 2020 ലെ സ്റ്റാറ്റ്യൂട്ടിലെ അദ്ധ്യായം 7 സ്റ്റാറ്റ്യൂട്ട് 7 പ്രകാരം ആവശ്യമായ തസ്തികകളിലേക്ക് 179 ദിവസം അധികരിക്കാത്ത കാലയളവിലേക്ക് നിയമനം നടത്താവുന്നതാണ് എന്ന് മറുപടി നല്കി.

സർക്കാർ അനുമതിയില്ലാതെ താല്ക്കാലിക നിയമനങ്ങൾ ദീർഘ കാലത്തേക്ക് യൂണിവേഴ്സിറ്റി തലത്തിൽ നടത്തുന്നത് ക്രമപ്രകാരമല്ല. കരാർ നിയമനങ്ങൾ സർക്കാർ അനുമതിയോടുകൂടിയും സർക്കാർ ഉത്തരവുകൾക്ക് വിധേയമായും മാത്രം നടത്തേണ്ടതാണ്. ഭാവിയിൽ കരാർ/താല്ക്കാലിക നിയമനങ്ങൾ നടത്തുന്ന പക്ഷം സർക്കാർ അനുമതിയോടുകൂടി മാത്രം നടത്താൻ ശ്രദ്ധിക്കേണ്ടതും, നിലവിൽ നടത്തിയിട്ടുള്ള നിയമനങ്ങൾക്ക് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതുമാണ്.

### 3-3-1 മുൻകൂറുകൾ – ചെലവ് രേഖകൾ ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു.

(എ) വാർഷിക കണക്കുകൾ പ്രകാരം തൻവർഷം വിവിധ ആവശ്യങ്ങൾക്കായി അനുവദിച്ച മുൻകൂറുകളിൽ ക്രമീകരിക്കാത്തവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മുൻകൂറിന്റെ വിശദാംശങ്ങൾ/കൈപ്പറ്റിയ വ്യക്തി | തുക | മുൻകൂർ അനുവദിച്ച തീയതി |
|---|---|---|---|
| 1. | Land Advance | 5183606 | 04-10-19 |
| 2. | Vijay | 23000 | 15-10-19 |
| 3. | Adrian Miranda | 124000 | 11-10-19 |
| 4. | Anil Kumar, GEC, Barton Hill | 69000 | 11-10-19 |
| 5. | Arun Alex | 5000 | ലഭ്യമല്ല |
| 6. | Arun H.J. | 21000 | 13-11-19 |
| 7. | Arun Krishna R. | 190000 | 13-11-19 |
| 8. | Arun S., FISAT | 38000 | 21-10-19 |
| 9. | A.Shareer,MESITAM, Chathannor | 17500 | 11-10-19 |
| 10. | Baiju Jacob | 154000 | 04-10-19 |
| 11. | Bijeesh P., Royal College, Thrissur | 45000 | 07-11-19 |
| 12. | Binu A., LMCST,Kuttichal | 56000 | 11-10-19 |
| 13. | Deepak Raj | 95750 | 16-12-19 |
| 14. | Dr.Ajaikumar,CET | 231000 | 04-10-19 മുതൽ 15-10-19 വരെ |
| 15. | Dr.Joy Varghese | 450000 | 30-01-20 |
| 16. | Dr.VenuK.K.,Advisor,Phy.Edn,APJAKTU | 3207000 | 21-10-19 മുതൽ 05-02-20 വരെ |
| 17. | George Joseph | 38500 | 15-10-19 |
| 18. | J. Baby John, Spl. Officer | 40000 | 26-11-19 |
| 19. | Jince Kappan | 345500 | 04-10-19 |
| 20. | Jith J,SSET | 44000 | 11-10-19 |
| 21. | Joshua Py, LBS,Kasargod | 100700 | 21-10-19 |
| 22. | K.V.Ramesh, Vidya Academy, Thrissur | 83700 | 15-10-19 |

| ക്രമ നം. | മുൻകൂറിന്റെ വിശദാംശങ്ങൾ/കൈപ്പറ്റിയ വ്യക്തി | തുക | മുൻകൂർ അനുവദിച്ച തീയതി |
|---|---|---|---|
| 23. | Lalu S. Bishop, Jerome, Kollam | 10000 | 26-10-19 |
| 24. | Lijo Jose | 34200 | ലഭ്യമല്ല |
| 25. | Mahesh | 15000 | ലഭ്യമല്ല |
| 26. | Manesh Rasheed | 238000 | 16-12-19 |
| 27. | Muhammed Malik P. (Asst.Prof.EXCT Campus Manjeri) | 133000 | 15-10-19 |
| 28. | Muhammed Mustafa M.P. (Asst.Prof., AWH Engg.College) | 29400 | 21-10-19 |
| 29. | Naveen | 202300 | ലഭ്യമല്ല |
| 30. | Nishath | 125000 | 26-06-19 |
| 31. | Rajendraprasad | 24500 | 04-10-19 |
| 32. | Rajesh T.Chacko, Rajagiri, Ekm | 167500 | 04-10-19 മുതൽ 15-10-19 വരെ |
| 33. | Raji Nair | 36000 | ലഭ്യമല്ല |
| 34. | Ramesh CT | 31000 | 13-11-19 |
| 35. | Ravindranath K.C., Asst. Prof. | 35000 | 21-10-19 |
| 36. | Santhosh Kumar | 28000 | ലഭ്യമല്ല |
| 37. | Sabin Jose | 28000 | ലഭ്യമല്ല |
| 38. | Sharath Chandran R., VKCET, Paripally | 40000 | 11-10-19 |
| 39. | Shejin K.V., GEC, Thrissur | 193000 | 15-10-19 |
| 40 | Shinto Mathew | 209000 | ലഭ്യമല്ല |
| 41. | Smt. Sreeja U. Bhasi, LBS | 17500 | 11-10-19 |
| 42. | Unni C. Nair, UKFCET | 10000 | 11-10-19 |
| | ആകെ | 12168656 | |

2019-20 വർഷം അനുവദിച്ച് നല്കിയ മുൻകൂറുകളിൽ നാളിതുവരെ ക്രമീകരിക്കാത്ത 121,68,656/ -രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ബി) ലഭ്യമാക്കിയ വാർഷിക കണക്കുകളിൽ 'രസീപ്റ്റ് & പേയ്മെന്റ്'ൽ 'കറന്റ് അസറ്റ്സി'ൽ രേഖപ്പെടുത്തിയിട്ടുള്ള മുൻകൂർ തുകകളും വാർഷിക കണക്കുകളുടെ അനുബന്ധമായി ലഭ്യമാക്കിയിട്ടുള്ള ഷെഡ്യൂളിലെ (ലോൺസ് & അഡ്വാൻസസിലെ അഡ്വാൻസ് ഫോർ ഒഫീഷ്യൽ പർപ്പസസ്) മുൻകൂർ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിശദാംശങ്ങൾ | മുൻകൂർ തുക വാർഷിക കണക്കുകൾ പ്രകാരം | 3207000മുൻകൂർ തുക ഷെഡ്യൂൾ പ്രകാരം |
|---|---|---|---|
| 1. | Adrian Miranda | 90000- | 124000- |
| 2. | Shejin K.V., GEC, Thrissur | 85000- | 193000- |
| 3. | Raji Nair | ഉൾപ്പെടുത്തിയിട്ടില്ല | 36000- |
| 4. | Santhosh Kumar | ഉൾപ്പെടുത്തിയിട്ടില്ല | 28000- |
| 5. | Shinto Mathew | ഉൾപ്പെടുത്തിയിട്ടില്ല | 209000- |
| 6. | Deepak Raj | 69000- | 95750- |
| 7. | Dr.Ajaikumar, CET | 147000- | 231000- |
| 8. | Dr. Venu K.K.,Advisor, Phy.Edn APJAKTU | 1790000- | 3207000- |
| 9. | Jince Kappan | 276500- | 345500- |
| 10. | Manesh Rasheed | 189000- | 238000- |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ 34/15-09-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 2019-20 വർഷത്തെ മുൻകൂറുകളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നവ നിയമാനുസൃത പലിശ സഹിതം (12 മുതൽ 18%) ഈടാക്കി സർവ്വകലാശാല ഫണ്ടിൽ മുതൽ കൂട്ടേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 3-3-2 എൻ.എസ്.എസ് പ്രവർത്തനത്തിന് മുൻകൂറുകൾ- ചെലവ് രേഖകൾ ഹാജരാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു.

എൻ.എസ്.എസ് പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള കേന്ദ്ര വിഹിതം ക്രെഡിറ്റ് ചെയ്യുന്ന സ്റ്റേറ്റ് ബാങ്ക് ഒഫ് ഇന്ത്യയുടെ കുളത്തൂർ ശാഖയിലെ അക്കൗണ്ടിൽ നിന്നും (അക്കൗണ്ട് നം. 39213265811) 2019-20 സാമ്പത്തിക വർഷം വിവിധ പ്രവർത്തനങ്ങൾക്കായി പ്രോഗ്രാം കോ-ഓർഡിനേറ്റർ ശ്രീ.ജോയ് വർഗ്ഗീസിന് മുൻകൂറുകൾ അനുവദിച്ചിട്ടുണ്ട്. ആയതിൽ ചുവടെ ചേർക്കുന്നവ ചെലവ് രേഖകളും അനുബന്ധ വൗച്ചറുകളും ഹാജരാക്കി ക്രമപ്പെടുത്തിയിട്ടില്ല.

| ക്രമനം | തുക/ചെക്ക് നം | ഉത്തരവ് നം | ചെലവിനം |
|---|---|---|---|
| 1 | 287000/-<br>2685249/23.07.2019 | KTU/NSS /15/19;10.06.2019 | മഹാത്മാ ഗാന്ധിയുടെ നൂറ്റിയമ്പതാം ജന്മദിനാ<br>ഘോഷം |
| 2 | 450000/-<br>269007/05.02.2020 | KTU/NSS /013/2019;18.01.2020 | എൻ.എസ്.എസ് വോളണ്ടിയർമാർക്ക് റീജിയണൽ ശില്പശാലകൾ നടത്തുന്നതിന് |
| | ആകെ 737000 | | |

മേൽ ചെലവുകൾ ക്രമപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.19/12-08-22ക്ക് മറുപടി നൽകിയിട്ടില്ല. ചെലവ് വിവരങ്ങൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ മുൻകൂറായി കൈപ്പറ്റിയ 737000/-രൂപ തടസ്സപ്പെടുത്തുന്നു.

നാളിതുവരെ ക്രമീകരിച്ച മുൻകൂറുകളുടെയും, നിലവിലും ക്രമീകരിക്കാൻ അവശേഷിക്കുന്നവയുടേയും വിവരങ്ങൾ, മുൻകൂർ അനുവദിച്ചതിന്റെ ഉദ്ദേശ്യം, വിനിയോഗ വിവരങ്ങൾ, മുൻകൂർ രജിസ്റ്റർ എന്നിവയൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. 04/10/2011ലെ 419/2011/ഫിൻ നമ്പർ സർക്കാർ ഉത്തരവിനു വിധേയമായി സർവ്വകലാശാല അനുവദിച്ച മുൻകൂറുകൾ ക്രമീകരിച്ച് വിനിയോഗ വിവരങ്ങൾ/ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 3-4 ലീഗൽ കേസ് മാനേജ്മെന്റ് സോഫ്റ്റ് വെയർ – പ്രവർത്തനക്ഷമമാക്കിയിട്ടില്ല – നഷ്ടം 1,69,200/-

File No. : KTU/ASST(ADMIN)/4257/2018

Payment details Bank Account : Sub Treasury CET, 001 നമ്പർ ട്രഷറി Account

| ക്രമ നം. | ചെക്ക് നം. | തീയതി | തുക |
|---|---|---|---|
| 1 | 035744 | 04.09.2019 | 94000/- |
| 2 | 4586518 | 31.10.2019 | 75200/- |

തിരുവനന്തപുരം ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് കമ്പനിയായ ' Vyus Technologia' 24.07.2018-ന് സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം VYUS Case Stringer – Legal Case Management Solution Software സർവ്വകലാശാലയുടെ Legal Section-ൽ Implement ചെയ്യുന്നതിന് 22.03.2019-ന് വൈസ്ചാൻസ് ലർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. M/S VYUS Technologia പ്രോപ്പോസലിൽ Quote ചെയ്തിരുന്ന 4,70,000/- രൂപയ്ക്ക് തന്നെയാണ് സോഫ്റ്റ് വെയർ വാങ്ങുന്നതിന് അംഗീകാരം നൽകി work order നൽകിയിട്ടുള്ളത്. Negotiate ചെയ്തതിന്റെ വിശദാംശം, Software-ന് തുക നിശ്ചയിച്ചതിന്റെ വിശദാംശം എന്നിവ ഫയലിൽ ലഭ്യമല്ല. ഈ വിഷയത്തിൽ സർവ്വകലാശാല IT വിഭാഗത്തിന്റെ അഭിപ്രായം തേടിയിട്ടില്ല.

2. Requirement Analysis, SRS(Software Requirement Specification) Formulation എന്നീ ഘട്ടങ്ങളിൽ സർവ്വകലാശാല IT വിഭാഗത്തിന്റെ നിർദ്ദേശം/അഭിപ്രായം ഉൾപ്പെടുത്തിയിട്ടില്ല. (നോട്ട് ഫയൽ പേജ് -18 ഖ.89)

3. 28.03.2019-ൽ നൽകിയ KTU/ASST(ADMIN)/4257/2018 നമ്പർ വർക്ക് ഓർഡർ പ്രകാരം 31.08.2019-ൽ ഒപ്പുവച്ച ധാരണാപത്രം അനുസരിച്ച് സോഫ്റ്റ് വെയർ ഇംപ്ളിമെന്റ് ചെയ്യുന്നതിന് അനുവദിച്ചിട്ടുള്ള കാലപരിധി വർക്ക് ഓർഡർ നൽകിയ തീയതി മുതൽ 30 ദിവസം ആണ് എന്നാൽ ഓഡിറ്റ് തീയതിവരെയും സോഫ്റ്റ് വെയർ ഇംപ്ളിമെന്റ് ചെയ്തിട്ടില്ല.

4. 31.08.2019-ൽ ഒപ്പുവച്ച ധാരണാപത്രം പ്രകാരം ധാരണാപത്രത്തിന്റെ കാലാവധി 1 വർഷമാണ്. 31.08.2020-ൽ അവസാനിച്ച കാലാവധിക്കുശേഷം കാലാവധി നീട്ടിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

5. ധാരണാപത്രം ഒപ്പുവയ്ക്കുന്ന മുറയ്ക്ക് ധാരണാപത്രം പ്രകാരം അനുവദിക്കേണ്ട ആദ്യ ഇൻസ്റ്റാൾമെന്റ് (ആകെ തുകയുടെ(4,70,000/-) 20% തുക) 94,000/- രൂപ 27.08.2019-ലെ Nil നമ്പർ ഇൻവോയിസ് അടിസ്ഥാനമാക്കി സർവ്വകലാശാല അനുവദിച്ചിട്ടുണ്ട്.(ചെക്ക് നം. 035744 (TSB-01 അക്കൌണ്ട്) തീയതി.04.09.2019). ധാരണാപത്രം പ്രകാരം മൂന്നാംഘട്ടം(Beta version) പൂർത്തിയാകുന്ന മുറയ്ക്ക് അനുവദിക്കേണ്ട രണ്ടാമത്തെ ഇൻസ്റ്റാൾമെന്റ് ഫയൽ രേഖകൾ പ്രകാരം ആയതിന് മുൻപ് അനുവദിച്ച് കാണുന്നു.

6. M/S VYUS Technologia ധാരണാപത്ര ഉടമ്പടി ലംഘിച്ചതിന്മേൽ സർവ്വകലാശാല യാതൊരു തുടർനടപടിയും സ്വീകരിച്ചിട്ടില്ല.

മേൽ അപാകങ്ങളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.13/21.06.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

Legal Case Management Solution Software- implement ചെയ്യതിൽ ഉണ്ടായ അപാകങ്ങളിൽ തുടർ പരിശോധന നടത്തേണ്ടതും സോഫ്റ്റ് വെയർ പ്രവർത്തനക്ഷമമാക്കുന്നതിൽ ഉണ്ടായ വീഴ്ച കണ്ടെത്തി പരിഹരിക്കേണ്ടതുമാണ്.

Legal Case Management Solution Software സർവ്വകലാശാലയിൽ പ്രവർത്തന ക്ഷമമാക്കാത്ത സാഹചര്യത്തിൽ ആയതിനായി ചെലവഴിച്ച 1,69,200/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 ഓഡിറ്റ് ചാർജ്ജ് (2019-20)

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 19 അടിസ്ഥാനമാക്കി 2019-20 സാമ്പത്തിക വർഷം ഓഡിറ്റ് ചാർജ്ജ് ഇനത്തിൽ അടവാക്കേണ്ട തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഇനം | വരവ് തുക |
|---|---|---|
| | വാർഷിക കണക്ക് പ്രകാരം ആകെ വരവ് | 2574708637.16 |
| | കുറവ് ചെയ്യേണ്ടത് | |
| 1 | സ്ഥിര നിക്ഷേപം ക്ലോസ് ചെയ്ത പ്രകാരം വന്ന വരവ് | 173,13,38,343.00 |
| 2 | സർക്കാർ ഗ്രാന്റ് | 7,40,00,000.00 |
| 3 | പി.എഫ്. തുക | 28,60,299.00 |
| 4 | ടെക് ഫെസ്റ്റ് (KSCSTE വരവ്) | 5,00,000.00 |
| 5 | ആർ.എസ്.എം. തിരികെ ലഭിച്ചത് | 7,47,657.00 |
| 6 | പെൻഷൻ കോൺട്രിബ്യൂഷൻ | 1,53,000.00 |
| 7 | നിസ്സാൻ ഡിജിറ്റൽ – ടെക്ഫെസ്റ്റ് | 3,92,000.00 |
| 8 | ഗ്രാന്റ് തിരികെ കിട്ടിയത് | 4,60,19,771.00 |
| ആകെ | | 185,60,11,070.00 |
| ഓഡിറ്റ് ചാർജ്ജിനായി കണക്കാക്കാവുന്ന ആകെ വരവ് | | 71,86,97,567.16 |
| ഓഡിറ്റ് ചാർജ്ജ് (1%) | | 71,86,976/- |

ഒടുക്കുവാൻ ബാക്കിയുള്ള ഓഡിറ്റ് ചാർജ്ജ്

| | |
|---|---|
| 2016-17 | 34,03,674 |
| 2017-18 | 72,74,488 |
| 2018-19 | 76,57,913 |
| 2019-20 | 71,86,976 |
| ആകെ | 2,55,23,051 |

ഓഡിറ്റ് ചാർജ്ജിനത്തിൽ ആകെ ഒടുക്കുവാനുള്ള തുക 2,55,23,051/-രൂപ "0070-60-110-99 ഓഡിറ്റ് ചാർജ്ജ്" എന്ന ശീർഷകത്തിൽ അടവാക്കിയതിന്റെ അസൽ ചെലാൻ 'ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം', എന്ന വിലാസത്തിൽ അയച്ചു കൊടുത്ത് വിവരം എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 4-2 കേരള സാങ്കേതിക ശാസ്ത്ര സർവ്വകലാശാല സാമ്പത്തിക നില 2019-20

| | |
|---|---|
| മുന്നിരിപ്പ് | 18,19,57,240.84 |
| തൻവർഷ വരവ് | 257,47,08,637.00 |
| ആകെ | 275,66,65,878.00 |
| തൻവർഷത്തെ ചെലവ് | 261,35,29,869.49 |
| നീക്കിയിരിപ്പ് | 14,31,36,008.51 |

വരവിന്റെ വിശദാംശം

| ഇനം | തുക |
|---|---|
| നിസ്സാൻ ഡിജിറ്റലിൽ നിന്ന് ടെക്ഫെസ്റ്റിനായി ലഭിച്ച തുക | 3,92,000.00 |
| സ്ഥിര നിക്ഷേപം ക്‌ളോസ് ചെയ്തതുവഴി വരവ് | 1,731,338,343.00 |

| | |
|---|---|
| മുൻ വർഷം സർക്കാർ ഗ്രാന്റ് ഈടാക്കിയ തുക തിരികെ ലഭിച്ചത് | 4,60,19,771.00 |
| വിവിധ ഫീസിനങ്ങളിലെ വരവ് | 68,82,44,366.00 |
| സ്ഥിര നിക്ഷേപം പലിശ | 2,95,52,093.00 |
| കേരള സർക്കാർ ഗ്രാന്റ് | 7,40,00,000.00 |
| ടെക് ഫെസ്റ്റിനായി KSCSTE-ൽ നിന്ന് ലഭിച്ച തുക | 5,00,000.00 |
| CERD- RSM – റീഫണ്ട് ഇനത്തിൽ ലഭിച്ച തുക | 7,47,657.00 |
| ബാങ്ക് അക്കൌണ്ട് പലിശ | 8,052.00 |
| കുടിശ്ശിക (prior period income) | 893,056.00 |
| പി.എഫ്. വരവ് | 28,60,299.00 |
| പെൻഷൻ ഫണ്ട് - ഡെപ്യൂട്ടേഷൻ സ്റ്റാഫ് | 1,53,000.00 |
| ആകെ | 2574708637.00 |

ചെലവിന്റെ വിശദാംശം

| ഇനം | തുക |
|---|---|
| ആസ്തി സൃഷ്ടിക്കൽ | 7336518.00 |
| തീരുവകളും നികുതികളും | 1,05,11,774.00 |
| സർവ്വകലാശാല ക്യാമ്പസ് - മുൻകൂർ | 51,83,606.00 |
| ശമ്പള മുൻകൂർ | 2,71,000.00 |
| ഔദ്യോഗിക ആവശ്യങ്ങൾക്കുള്ള മുൻകൂർ | 4924300.00 |
| സ്ഥിര നിക്ഷേപങ്ങൾ | 227,20,02,042.00 |
| CERD | 11173217.00 |
| സാലറി ചെലവുകൾ | 54752684.00 |
| കെ.റ്റി.യു. മറ്റ് ചെലവുകൾ | 247374728.49 |
| ആകെ | 2613529869.49 |

നീക്കിയിരിപ്പിന്റെ വിശദാംശം

| ഇനം | തുക |
|---|---|
| കോൺഫിഡൻഷ്യൽ അക്കൌണ്ട് - 67364527093 | 4000897.47 |
| ഫെഡറൽ ബാങ്ക് - 340 | 12720244.72 |
| കേരള ഗ്രാമീൺ ബാങ്ക് -40334101045763 | 12,947.50 |
| എസ്ബിഐ - 766 | 64263895.50 |
| എസ്ബിഐ - 802 | 10365180.20 |
| എസ്ബിഐ - 815 | 1600952.22 |
| എസ്ബിഐ – CERD 591 | 1964193.22 |
| സൌത്ത് ഇൻഡ്യൻ ബാങ്ക് - 497053000013672 | 283.28 |
| സൌത്ത് ഇൻഡ്യൻ ബാങ്ക് - 497073000000370 | 9307.40 |
| ട്രഷറി - 01 | 321533.00 |
| ട്രഷറി - 155 | 3,05,73,304.00 |
| ട്രഷറി പിഎഫ് അക്കൌണ്ട് - 799010100150110 | 17303270.00 |

## 4-3 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 275,66,65,878.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 261,35,29,869.49 |
| ഓഡിറ്റിൽ നിരാകരിച്ച തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,31,34,874/- |

(എ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായ ഉദ്യോഗസ്ഥരുടെ സ്ഥിരം മേൽ വിലാസങ്ങൾ

| ഖണ്ഡിക നം. | തടസ്സപ്പെടുത്തിയ തുക | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് സമയത്തെ) ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|---|
| 3-1 | 60,018/- | ശ്രീ. ജി.പി.പത്മകുമാർ, രജിസ്ട്രാർ | | ഇന്ദീവരം, ബി.എസ്.എൻ.ആർ.എ-46, ഭഗത് സിംഗ് നഗർ, കോട്ടമുഗൾ, നാലാഞ്ചിറ, തിരുവനന്തപുരം |

| ഖണ്ഡിക നം. | തടസ്സപ്പെടുത്തിയ തുക | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് സമയത്തെ) ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|---|
| 3-3-1 | 121,68,656/- | ശ്രീ.ഉദയൻ സി.സി., ഫൈനാൻസ് ഓഫീസർ | | 4എ-കെ.പി.ലെയ്ൻ, കരകുളം, തിരുവനന്തപുരം |
| 3-3-2 | 7,37,000 | | | |
| 3-4 | 1,69,200/- | | | |

(ബി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന ഓഡിറ്റ് തടസ്സത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ വിശദാംശം

| ഖണ്ഡിക നം. | തടസ്സപ്പെടുത്തിയ തുക | പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 60,018/- | ശ്രീ.ജി.പി.പത്മകുമാർ, രജിസ്ട്രാർ |
| 3-3-1 | 121,68,656/- | |
| 3-3-2 | 7,37,000/- | |
| 3-4 | 1,69,200/- | ശ്രീ.ഉദയൻ.സി.സി., ഫൈനാൻസ് ഓഫീസർ |

## 4-4 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

മുൻവർഷങ്ങളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | വർഷം | ഓഡിറ്റ് റിപ്പോർട്ട് നം., തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 2014-15 | കെ.എസ്എ.കെആർയു6/210/2018 തീയതി. 12.09.2018 | 2 |
| 2 | 2015-16 | കെ.എസ്എ.കെആർയു10/387/2019 തീയതി. 28.06.2019 | 24 |
| 3 | 2016-17 | കെ.എസ്എ.കെആർയു10/144/2021 തീയതി. 28.09.2021 | 23 |
| 4 | 2017-18 | കെ.എസ്.എ.കെ.റ്റി.യു3/20/2021 തീയതി.26.11.2021 | 37 |
| 5 | 2018-19 | കെ.എസ്.എ.കെ.റ്റി.യു3/70/2021 തീയതി.05.05.2022 | 38 |

ജോയിന്റ് ഡയറക്ടർ